# സുറിയാനി സുവിശേഷകൻ

മാസിക

൧൦൮൨-ാമാണ്ടു വൃശ്ചികം. ധനു.

പുസ്ത. ൩

ല. ര. ൬



നിങ്ങൾ ഭൂലോകമെങ്ങും പോയി സകല സൃഷ്ടികൾക്കും

സുവിശേഷത്തെ

പ്രസംഗിപ്പിൻ.

## സംഗതിവിവരം


വ. ദി. ശ്രീ. പട്ടശ്ശേരിൽ ഗീവറുഗീസു റമ്പാൻ അവർകൾ ചെയ്ത പ്രസംഗം.

മിശിഹാനുകരണം.

രക്ഷാമാർഗ്ഗം.

താലന്തുകളുടെ ഉപമ

വിശുദ്ധ കുർബ്ബാന.

യാക്കോബ്യകത്തനാരുടെ പ്രസംഗം.

ഞങ്ങളുടെ പ്രസംഗ യാത്രകൾ.

ഒരുകല്പന.

സണ്ടേസ്കൂൾ കാര്യം.



Mar Thoma Press, Kottayam.

പ്രസിദ്ധകൻ റവി. ജി. കൊച്ചുമ്മൻ.

ഒരു കൊല്ലത്തേക്കു
സ്കൂൾകുട്ടികൾക്കു

ക്രപാ ൫.
പണം ൪

മുമ്പോറപേക്ഷിക്കുന്ന ൫൦ ആളുകൾക്കു സംഘക്കാരുടെ അഭിപ്രായംപോലെ വില അശേഷം ചുമത്താതെയൊ സ്വല്പം ചുമത്തിയൊ ദാനമായി കൊടുക്കുന്നതാണ

പണത്തോടെ അപേക്ഷിക്കാത്ത ഒരുത്തൎക്കും പത്രം അയച്ചുകൊടുക്കുന്നതല്ല.

മേൽപ്രകാരം അപേക്ഷിക്കുന്നവൎക്കും മാതൃക കാണ്മാൻ ആവശ്യപ്പെടുന്നവൎക്കും ഒരു പ്രതി ദാനമായി കൊടുക്കുന്നതാണ

നമ്മുടെ വിശ്വാസാചാരങ്ങളുടെ സാധുത്വത്തെപറ്റി ചോദിക്കുന്ന ആൾക്കും മറുപടികൾ കൊടുക്കുന്നതാണ

പണസംബന്ധമായി ബജാൻജി റവി. കേ. തോമ്മാസുശെമ്മാശ്ശൻ അവൎകളുടെപേൎക്കും പത്രസംബന്ധമായും മറ്റുമുള്ള സകല കാൎയ്യങ്ങൾക്കും താഴെ കാണുന്ന ആളുടെ പേൎക്കും എഴുത്തുകൾ അയക്കേണ്ടതാണ്.

സുവിശേഷകൻ പത്രാധിപർ കണിയാന്ത്ര അലക്സന്ത്രയോസു ശെമ്മാശ്ശൻ
പഴയസിമ്മനാരി കോട്ടയം

---

നോക്കുവിൻ!! വായിപ്പിൻ!!

## മനസ്സലിവിൻ!!!

കോട്ടയത്തിന്റെ മദ്ധ്യസ്ഥാനത്തു കോടിമലെ നമ്മുടെ സുവിശേഷസംഘം വകയായി ഒരു സ്കൂൾ നനഞ്ഞൊലിച്ചു മറ്റുള്ളവരുടെ ആക്ഷേപപാത്രമായി കിടക്കുന്നു. കെട്ടിടത്തിനു ഓടിടാഴികയാലും വെള്ള ഇടാഴികയാലും ബഞ്ചും മറ്റു സ്കൂൾ സാമാനങ്ങൾ ഇല്ലാഴികയാലും സൎക്കാരിന്റെ ഗ്രാന്റു ഉണ്ടായിരുന്നതും എടുത്തുകളഞ്ഞു. സുവിശേഷസംഘത്തിലേക്കു മുതലില്ലാഴികയാൽ അതിനെ നികത്തുന്നതിനു ഒരു നിവൃത്തിയും ഇല്ല. ദയവുണ്ടായി ഇതിനെ വായിക്കുന്നവർ അവരുടെ അധികത്വത്തിൽ നിന്നും ഒരു കാശു വീതം അയച്ചുതന്നു സഹായിക്കണമെന്നപേക്ഷിക്കുന്നു.

ദാനങ്ങൾ അയക്കേണ്ടും മേൽവിലാസം.
സുറിയാനി സുവിശേഷസംഘം സണ്ടെസ്കൂൾ മാനേജർ
പഴയ സിമ്മനാരി കോട്ടയം.

---

പർദൈസാ — വ. ദി. ശ്രീ. പൌലൂസ് റമ്പാച്ചനാൽ സുറിയാനിയിൽ നിന്നു തൎജ്ജമ ചെയ്യപ്പെട്ടതും മാരേത്താമ്മാ പ്രസ്സിൽ അച്ചടിച്ചതുമായ പൎദൈസാ എന്ന പുസ്തകം അഭിപ്രായത്തിനായി അയച്ചുതന്നതു നന്ദിപൂൎവ്വം കൈപ്പറ്റിയിരിക്കുന്നു. ഈ പത്രത്തിൽ അഭിപ്രായം ചേൎക്കുന്നതിനു സ്ഥലമില്ലാത്തതിനാൽ അഭിപ്രായം വഴിയെ.

---

# സുറിയാനി സുവിശേഷകൻ

[illegible]
[illegible]

പുസ്തകം ൩ ൧൦൭൯ വൃശ്ചികം ലക്കം ൪

### തിരുമൂലവിലാസം ബാലികാ മഠത്തിൽ കൂടിയ 'സുറിയാനി വിദ്യാൎത്ഥി യോഗത്തിൽ വ. ദി. ശ്രീ. വട്ടശ്ശേരിൽ ഗീവറുഗീസു റമ്പാൻ അവൎകൾ ചെയ്ത പ്രസംഗം.

### നമ്മുടെ സഭയിലെ കൎമ്മാചാരങ്ങൾ

കെ. ഐ.

"നമ്മുടെ സഭയിലെ കൎമ്മാചാരങ്ങൾ" എന്ന വിഷയത്തെപ്പറ്റി സ്വല്പമായി പറയണമെന്നാണല്ലോ നിങ്ങൾ എന്നെ ചുമതലപ്പെടുത്തിയിരിക്കുന്നതു. ക്രിസ്ത്യാനികളിൽവച്ചു വലിയ ഒരു ജ്ഞാനിയും മഹാ ബുദ്ധിമാനും പരിശുദ്ധനും ആയിരുന്ന ഗ്രീഗോറിയോസ് ബാറെബ്രായ "ഞാൻ ഏഴുവയസ്സുവനായ (ഗ്രീക്കു)ഭാഷ പഠിച്ചു. എന്നാൽ എന്റെ ദൈവം എന്നോടുകൂടി ഉണ്ടായിരുന്നില്ലെന്നുവരികിൽ ഞാൻ ഇപ്പോഴത്തെ എന്റെ സ്ഥിതിയിൽ വരാതെ ആ ലോകത്തിലെ നിത്യ അന്ധകാരത്തെ സമ്പാദിക്കുമായിരുന്നു" എന്നിപ്രകാരം നിലവിളിച്ചുകൊണ്ടു പറയുന്നു. ദൈവഭക്തിയില്ലാതെയിരുന്നാൽ എല്ലാ സംഗതികളും അവസാനത്തിൽ ദോഷമായിട്ടല്ലാതെ പൎയ്യവസാനിക്കുകയില്ലാ. പിന്നിട്ടു ഒരവസരത്തിൽ അദ്ദേഹം പറയുന്നതു് "ഉപദേശകാൎയ്യത്തിൽ ദയറായക്കാർ പ്രവേശിക്കരുതേ. ഇസ്കീമായക്കാർ മുതലായവരോ? അവർ ധ്യാനത്തിലും പ്രാൎത്ഥനയിലും തന്നെ ഇരിക്കണം. മല്പാന്മാർ പട്ടക്കാർ മുതലായവർ ഉപദേശകാൎയ്യങ്ങളിൽ താല്പൎയ്യമുള്ളവരായിരിക്കുകയും സഭയിൽ ഉൾപ്പെട്ടവരെ ശരിയായ വഴിയിൽക്കൂടി നടത്തിക്കുകയും ചെയ്യണം". എന്നാൽ ഇന്നു എനിക്കു നിശ്ചയിച്ചിട്ടുള്ളതായ സംഗതി ഗ്രീഗോറിയോസ് ബാറെബ്രായ വിരോധി

ച്ചിട്ടുള്ളതാണ്. എങ്കിലും ഞാൻ മുമ്പു കുറെക്കാലം മല്പാനായിരുന്നതുകൊണ്ടായിരിക്കാം ഈ ഭാരം എന്റെമേൽ ചുമത്തിയതു് എന്നു ഞാൻ വിചാരിക്കുന്നു.

നമ്മുടെ സഭയിലെ കർമ്മാചാരങ്ങളെപ്പറ്റി പറകയാണെങ്കിൽ വളരെയുണ്ട് എന്നുവരികിലും ദയറായക്കാർ മുതലായവർക്കു ചേരുന്നതായ "പ്രാർത്ഥന" എന്ന വിഷയത്തെപ്പറ്റിയാണു തല്ക്കാലം പറയണമെന്നു ഞാൻ വിചാരിക്കുന്നതു. സമയക്കുറവിനാൽ വളരെ ചുരുക്കമായിട്ടു മാത്രമേ പറവാൻ വിചാരിക്കുന്നുള്ളൂ. ദൈവത്തോടു അടുപ്പിക്കുന്നതിനും ആത്മാവിനെ ശുദ്ധീകരിപ്പാനും ആയി പ്രാർത്ഥനയോളം പ്രാധാന്യമേറിയ വേറെ ഒരു സംഗതിയും ഇല്ലാ. പ്രാർത്ഥന ദൈവവുമായുള്ള ഒരു സംഭാഷണമത്രെ. പ്രാർത്ഥനയുടെ പ്രാധാന്യത്തെ നാനാജാതിമതസ്ഥന്മാരും ഒരുപോലെ കൊണ്ടാടിവരുന്നു. പ്രാർത്ഥന ഇപ്രകാരം സർവ്വസമ്മതമായ ഒരു സംഗതിയ ണെന്നുവരികിലും സുറിയാനിക്കാരുടെ പ്രാർത്ഥന മററുള്ളവർക്കു ഒരു പുച്ഛമായിട്ടാണ് ഇപ്പോൾ ഇരിക്കുന്നതു്. ഇതുപോലെതന്നെ മററുള്ളവരുടെ കൂട്ടത്തിൽവച്ചു കൌമ്മാപ്പടി ചൊല്ലുന്നതിനു സുറിയാനി ക്രിസ്ത്യാനികളിൽ ചിലർക്കു വളരെ മടിയുള്ളതായി അറിവുണ്ടു്. അങ്ങനെയുള്ള അവസരങ്ങളിൽ സ്വയമായ രഹസ്യപ്രാർത്ഥനകൊണ്ടു മാത്രം തൃപ്തിപ്പെട്ടുകൊള്ളാമെന്നു അവർ വിചാരിക്കുന്നു. സുറിയാനി ക്രിസ്ത്യാനികൾക്കു നിശ്ചയിച്ചിട്ടുള്ള രഹസ്യപ്രാർത്ഥനപോലെ പ്രധാനമായ ഒരു പ്രാർത്ഥന മററു ഒരുകൂട്ടർക്കും ഉള്ളതായി അറിവില്ലാ. പ്രാർത്ഥനയുടെ ഇടയിൽ കൌമ്മാ പലപ്രാവശ്യം ചൊല്ലുന്നതുകൊണ്ടു കൂട്ടതൽ പ്രയോജനം വരുവാനില്ലെന്നും പ്രാർത്ഥനയ്ക്കു വളരെ സമയം ചിലവാകേണ്ടിവരുന്നു എന്നും ചിലർ പറയുന്നുണ്ടു. കൌമ്മായുടെ ശക്തി എന്തുമാത്രമെന്നു ഇവർ തീരെ അറിയുന്നില്ലാ. ചില ആളുകൾ തങ്ങൾക്കു പരിശുദ്ധാത്മാവിങ്കൽനിന്നു ലഭിച്ച ശക്തിയുടെ ഫലമായിട്ടെന്നു ഭാവിച്ചുകൊണ്ടു ദീർഘമായ മനഃപ്രാർത്ഥനകൾ ചെയ്യുന്നു. യാക്കോബായക്കാരുടെ പ്രാർത്ഥനയെക്കാൾ നല്ലതായി അവരിലുള്ള ഒരു ചെറിയ കുട്ടി കൂടി പ്രാർത്ഥിക്കുമെന്നു അവർ ഭാവിക്കുന്നു. ഈ അഭിപ്രായമുള്ളവർ നിരത്തിൽ പലരും കാണുമായിരിക്കാം. നമ്മുടെ പ്രാർത്ഥനകൾ ഏർപ്പെടുത്തിയ വന്ദ്യ പിതാക്കന്മാർ ഇവരെക്കാൾ പരിശുദ്ധാത്മശക്തി കാണിച്ചവരായിരുന്നു എന്നു വിചാരിക്കുന്നതിനെക്കാൾ ഭോഷത്വം മററുയാതൊന്നുമില്ലാ. പ്രാർത്ഥനകൾ ചമയ്ക്കുന്നതിനു ഈ വന്ദ്യപിതാക്കന്മാരെക്കാൾ ഇപ്പോഴത്തെ ഒരു ചെറിയ കുട്ടിയ്ക്കു കൂടുതൽ യോഗ്യതയുണ്ടെന്നു അവർ തീർച്ചപ്പെടുത്തിയിട്ടുള്ള ഒരു സംഗതിയാണ്. കൌമ്മാ പോലെ ശക്തിയുള്ളതായ ഒരു പ്രാർത്ഥന



ചമെയ്ക്കുന്നതിനു ഇതുവരെ ഒരുത്തനും തീർച്ചയായി കഴിയുന്നതല്ലാ. നമ്മുടെ പ്രാർത്ഥനയുടെ ശക്തി എന്തുമാത്രമുണ്ടെന്നു് അവർക്കു ഊഹിപ്പാൻതന്നെ ശക്തിയില്ലാ. നമ്മുടെ കൌമ്മാ വളരെ ശക്തിയുള്ള ഒരു പ്രാർത്ഥനയാണ്. ഇനിയും "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ"! എന്നാദിയായ കർത്താവിന്റെ പ്രാർത്ഥനയും വളരെ ശക്തിയുള്ളതാണെന്നു് എല്ലാവരും സമ്മതിക്കുന്നതാണല്ലോ. ഇപ്പോഴത്തെ പ്രാർത്ഥന പരിഷ്കാരികൾക്കു ഹൃദയത്തിൽ ഇതിനെപ്പററിയും പുച്ഛമാണ് എന്നു വരികിലും വെളിയിൽ പറഞ്ഞാൽ അതു ഒരു ദൈവദൂഷണമായിവരുമല്ലോ എന്നു മാത്രം ഭയന്നു പറയാതെ ഇരിക്കുകയാണ്. യാക്കോബായക്കാരുടെ പ്രാർത്ഥനയിൽ ഉൾപ്പെട്ടതാണെന്നുള്ള ഏക കാരണത്തിന്മേൽ മാത്രം ഇതിനെ പുച്ഛിക്കുന്നവരുമുണ്ടു. കർത്താവിന്റെ പ്രാർത്ഥനയെപ്പററി മനസ്സിൽ പുച്ഛമുള്ളവരുണ്ടായിരിക്കാമെങ്കിലും പരസ്യമായി കുററം പറവാൻ ആരും ധൈര്യപ്പെടുകയില്ലാ. കർത്താവിന്റെ പ്രാർത്ഥനയുടെ പ്രാധാന്യവും ശക്തിയും കുറെക്കൂടി നിങ്ങൾക്കു മനസ്സിലാകുന്നതിനു വേണ്ടി അതിനെപ്പററി കുറെപ്പറയാം. സമയക്കുറവിനാൽ വിസ്തരിപ്പാൻ സൌകര്യമില്ലാ.

ആദ്യഭാഗം "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ!" എന്നുള്ള ഒരുവിളിയാണ്. ഒരു സ്വാമിയെന്നോ അധികാരി എന്നോ ഉള്ള നിലയിലല്ലാ തന്നെ വിളിപ്പാൻ താൻ പഠിപ്പിച്ചിട്ടുള്ളതു്. താൻ പിതാവും നാം മക്കളും എന്ന നിലയിലത്രെ. മക്കൾക്കു തന്റെ പിതാവിനോടു എന്തെല്ലാം ചോദിപ്പാനും സ്വാതന്ത്ര്യമുണ്ടു. കരുണാനിധിയായ പിതാവു നമ്മുടെ അപേക്ഷയെ ഒരിക്കലും തള്ളിക്കളയുന്നതുമല്ലാ. ഇതുമൂലം നമുക്കു ഒരു ആശയെ ആദ്യമായിരുന്നിരിക്കുന്നു. ആശയില്ലാത്ത ഒരാളിന്റെ അടുക്കൽ സാധാരണയായി ആരും പോകുന്നില്ലാ. ലഭിക്കുമെന്നു ആശയും ധൈര്യവും ഉള്ളവരുടെ അടുക്കൽ ആണ് ഒരു കാര്യത്തിനായി അപേക്ഷിക്കുന്നതു്. "പിതാവെ!"! എന്നു വിളിക്കുവാനുള്ള അവകാശം നമുക്കു തന്നിരിക്കുന്നതിനാൽ എല്ലാ വിധത്തിലും നമുക്കു ധൈര്യത്തിനു് അവകാശമുണ്ടു്.

പിന്നീടുള്ള വാചകം "നിന്റെ തിരുനാമം പരിശുദ്ധമാക്കപ്പെടേണമെ" എന്നുള്ളതാണ്. ഒരുവിധത്തിൽ തോന്നുന്നതായാൽ ഇതു ഒരു അർത്ഥമില്ലാത്ത വാചകമാണെന്നോ തന്നിൽ അശുദ്ധി ഇല്ലാതിരിക്കുന്ന കാലത്തോളം ഈ വാചകം ചൊല്ലിയിട്ടു ആവശ്യമില്ലെന്നോ ചിലർ വ്യാഖ്യാനിക്കുന്നുണ്ടു്. ഇതിന്റെ അർത്ഥം അവർ വിചാരിക്കുന്നതുപോലെയല്ലാ. ഇതു കർത്താവിന്റെ പ്രാർത്ഥനയിലുള്ള ഏഴു അപേക്ഷകളിൽ ഒന്നാമത്തേതും പ്രധാനപ്പെട്ടതും ആകുന്നു. പുറജാതികൾ കൂടെ നിന്റെ നാമം പരിശുദ്ധമാ

കപ്പെടേണമെ എന്നും ചിലർ വ്യാഖ്യാനിക്കുന്നുണ്ട്. എന്നാൽ സത്യഭക്തിയോടും സത്യവാഞ്ഛയോടും കൂടി ഇതിനെ ചൊല്ലുന്നവർക്ക് ഇതിന്റെ അർത്ഥം ഗ്രഹിക്കാവുന്നതാണ്. സ്രാപ്പേന്മാർ നിന്റെ നാമത്തിൽ "കാദീശ്" പാടുന്നു. ക്രോബേന്മാർ നിന്റെ നാമം അനുഗ്രഹിക്കപ്പെടേണമെന്ന പാടുന്നു. മുൻ പറഞ്ഞ വാചകത്തിന്റെ അർത്ഥം; മാലാഖമാർ പാടുന്നതായ "കാദീശ്" എന്ന പാട്ട ലോകമൊക്കയും പാടപ്പെടേണമേ: അല്ലെങ്കിൽ ലോകത്തിലുള്ള സകല മനുഷ്യരാലും "കാദീശ്" എന്ന പാട്ട പാടപ്പെടേണമെ. "നിന്റെ നാമം പരിശുദ്ധമാകപ്പെടേണമെ" എന്നുള്ളതിനു ഈ അർത്ഥം തന്നെയാണെന്നുള്ളതിനു യാതൊരു സംശയവുമില്ലാ. ഏശായാ ൬-ാം അദ്ധ്യായം ൩-ാം വാക്യത്തിൽ നാം നോക്കുന്നതായാൽ "വിശേഷിച്ചും ഒരുത്തനോട് ഒരുത്തൻ സൈന്യങ്ങളുടെ യഹോവാ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്നും, ഭൂമി മുഴുവനും അവന്റെ മഹത്വംകൊണ്ട നിറഞ്ഞിരിക്കുന്നു എന്നും അത്ത്യുഹസിച്ചു പറഞ്ഞു". എന്നു നാം കാണുന്നു. മേലുറഞ്ഞ അർത്ഥം വാസ്തവമാണെന്നു ഈ വാക്യംകൊണ്ട ധാരാളം വെളിവാകുന്നുണ്ട്. ഇതു ഒന്നാമത്തേതും പ്രധാനപ്പെട്ടതുമായ അപേക്ഷയാകുന്നു. ഇനിയും ഈ ഭാഗത്തെപ്പറ്റി വിസ്തരിക്കുന്നില്ലാ. എല്ലാവരും പഠിച്ചുവരുന്നതായ കൌമായെപ്പറ്റി വിചാരിക്കാം. ഇതിൽ ഒന്നാമത്തെ വാചകം "ബാവായും പുത്രനും.... ....ഉയരങ്ങളിൽ സ്തുതി" എന്നുള്ളതാകുന്നു. ഈ വാചകം സകല ക്രിസ്തീയ സഭക്കാരും ചൊല്ലുന്നതാകുന്നു. ചില വാക്കുകൾ മാത്രം ചിലർ വ്യത്യാസപ്പെടുത്തിയിട്ടുണ്ട്. ഏശായാ ദീർഘദർശിയുടെ പുസ്തകത്തിൽനിന്നു മുകളിൽ പകർത്തിയിട്ടുള്ള വാക്യവും കർത്താവിന്റെ പ്രാർത്ഥനയുടെ അപേക്ഷയും ഇതുതന്നെയാകുന്നു. ഇതിനു അപ്രമായി ത്രിത്വത്തെ സമ്മതിക്കാത്തവരെ ക്രിസ്ത്യാനികളായി ഒരുവൻ ധരിപ്പാൻ വകവച്ചുകൂടാത്തതുമാകുന്നു. ഈ വാചകം ത്രിത്വത്തിനുള്ള ഒരു സ്തുതിയും ഏശായാ ദീർഘദർശിയുടെ പുസ്തകത്തിലുള്ള ഒരു വാക്യവുമായി വകവെയ്ക്കുന്ന പക്ഷവും ആകയാൽ ഇതിനെ പുച്ഛിക്കാൻ ന്യായം കാണുന്നില്ലാ. ഇതിരി കുട്ടികൾ ഇത്ര മഹത്തായ പ്രാർത്ഥനകളെ ഇപ്പോഴത്തെ ചെറിയ പറയുന്നതു അവരുടെ ദോഷം മാത്രമാകുന്നു. കെട്ടിയുണ്ടാക്കമെന്നു വിനാൽ നിറയപ്പെട്ടിരുന്ന ആളുകളാൽ എഴുതപ്പെട്ടതുകൊണ്ടാണ് ഇതിൽ ഇത്രയും സാരാർത്ഥങ്ങൾ അടങ്ങിയിട്ടുള്ളത്. പരിശുദ്ധാത്മായും അടുത്ത വാചകം "കർത്താവിന്റെ നാമത്തിൽ.. ..വാഴ്ത്തപ്പെട്ടവനാകുന്ന ഉയരങ്ങളിൽ സ്തുതി" എന്നുള്ളതാകുന്നു. ശുദ്ധമത്തായിയുടെ സുവിശേഷം ൨൧-ാം അദ്ധ്യായം ൯-ാം വാക്യത്തിൽ "ദാവീദിന്റെ പുത്രന്നു ഹോശന്നാ കർത്താവിന്റെ നാമത്തിൽ വന്ന



വൻ വാഴ്ത്തപ്പെട്ടവനാകട്ടെ" എന്നു നാം കാണുന്നു. ഇതു ഹോശാനാ ദിവസം വഴിയിൽവച്ചു കുട്ടികളാൽ പാടപ്പെട്ട ഒരു പാട്ടാണ്. സങ്കീർത്തനത്തിലും ഈ വാചകം നാം കാണുന്നുണ്ട്. അതിനാൽ ഈ വാചകവും പഴയതല്ലെന്നും പുതുതായി ആരും കെട്ടിയുണ്ടാക്കിയതല്ലെന്നും തെളിയുന്നുണ്ട്. ഇസ്രായേല്യരും ഈ പാട്ട പാടിയതായി കാണുന്നതിനാൽ ഇതിന്റെ പുരാതനത്വത്തിനു മറ്റു ലക്ഷ്യങ്ങൾ ആവശ്യമുണ്ടെന്നു തോന്നുന്നില്ലാ. കൂടുതലായി നാം ചൊല്ലുന്നതു "വന്നവനും വരുവാനിരിക്കുന്നവനും വാഴ്ത്തപ്പെട്ടവനാകുന്നു" എന്നതിൽ വരുവാനിരിക്കുന്നവൻ എന്നവാക്കു മുൻപു ഉണ്ടായിരുന്നതല്ലാ. ക്രിസ്തു രണ്ടാമതും വരുമെന്നു നാം വിശ്വസിക്കുന്നതുകൊണ്ടു മാത്രം ഈ വാചകംകൂടി ചേർത്തു നാം ചൊല്ലുന്നതാണ്. അതിനാൽ ഈ വാചകവും പരിഹാസപാത്രമല്ലെന്നു ഇപ്പോൾ തെളിഞ്ഞിരിക്കുമല്ലൊ.

പിന്നീടു നാം കാണുന്നതു "ദൈവമെ നീ ശുദ്ധമുള്ളവനാകുന്നു" എന്നാദിയായ മൂന്നുസ്തുതികളാകുന്നു. മുൻപു ത്രിത്വത്തെപ്പറ്റി ഇസ്രായേൽ ജനങ്ങൾക്കുണ്ടായിരുന്ന അറിവു വളരെ ശ്രദ്ധമായിരുന്നു. ത്രിത്വത്തെ ഉദ്ദേശിച്ചാണ് നാം മൂന്നുപ്രാവശ്യം ഇതു ചൊല്ലുന്നതു. ഈ കാലത്തു ത്രിത്വശക്തിയെ അധികം വകവയ്ക്കുന്നില്ലാ. കുർബ്ബാനയിൽ ഒരുഭാഗത്തു ഉത്തരമരുളിചെയ്യേണമെ ഉത്തരമരുളിചെയ്യേണമെ എന്നിപ്രകാരം മൂന്നുപ്രാവശ്യം പട്ടക്കാർ പ്രാർത്ഥിക്കുന്നു. ഇതും ത്രിത്വത്തെ ഉദ്ദേശിച്ചു നടത്തപ്പെടുന്നതാകുന്നു. ഇതിൽ ഒന്നാമത്തെ സ്തുതി ദൈവദൂതന്മാരുടെ പാട്ടാകുന്നു. രണ്ടാമത്തേതും മൂന്നാമത്തേതും സ്തുതികൾ വിശുദ്ധ പിതാക്കന്മാരുടെ പ്രാർത്ഥനയാണ്. "ഞങ്ങൾക്കുവേണ്ടി കുരിശിൽ തൂങ്ങപ്പെട്ടവനെ ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യേണമെ" എന്നുള്ള പ്രാർത്ഥന സഭ കൂട്ടിച്ചേർത്തിട്ടുള്ളതാണ്. ആദ്യത്തെ മൂന്നു സ്തുതികളും ക്രിസ്തുവിന്റെ കബറടക്കസമയത്തു സ്വർഗ്ഗദൂതന്മാർ പാടിയതായും "ഞങ്ങൾക്കുവേണ്ടി കുരിശിൽ തൂങ്ങപ്പെട്ടവനേ"യെന്നുള്ള പ്രാർത്ഥന അപ്പോൾ യൌസേപ്പു ചൊല്ലിയതാണെന്നും ചരിത്രത്തിൽ നാം കാണുന്നു. ഈ പ്രാർത്ഥന സ്വർഗ്ഗദൂതന്മാരുടേതല്ലാ. സ്വർഗ്ഗദൂതന്മാരുടേതായ മൂന്നു സ്തുതികളും ലോകത്തിലുള്ള ക്രിസ്ത്യാനികൾക്കു കൂടി ചൊല്ലത്തക്കതാക്കുന്നതിനുവേണ്ടി ഈ വാചകം കൂടി കൂട്ടിച്ചേർത്തിട്ടുള്ളതാണെന്നും ചിലർ പറയുന്നുണ്ട്. ഇതുകൂടാതെയും ഇതേപ്പറ്റി വളരെ പറവാനുണ്ട്. നാം സ്വർഗ്ഗദൂതന്മാരെ കണ്ടുപഠിക്കേണ്ടതാണെന്ന് ഒരു വന്ദ്യപിതാവു കല്പിച്ചിട്ടുണ്ട്. നാം പ്രാർത്ഥനകളിൽ രണ്ടുപ്രാവശ്യത്തിലുള്ള കൌമാകൾ ചൊല്ലിവരുന്നുണ്ടല്ലൊ. ഒന്നു ഇവിടെ പ്രസ്താവിച്ചുവരുന്നതു, മറ്റൊന്നു "എന്നേക്കും തന്റെ ഇടത്തിൽനിന്നു" എന്നാദിയായ കൌമായാണ്. ഇതി

ൽ ഒന്നാമത്തെ സ്രപ്പേന്മാരുടേയും രണ്ടാമത്തെ ക്രോബേന്മാരുടേയും സ്തുതികളാണ്. ഹെസക്കിയേൽ ദീർഘദർശിയുടെ പുസ്തകത്തിൽ ക്രോബേന്മാരുടെ സ്തുതിയെപ്പറ്റി പറഞ്ഞിട്ടുണ്ടു. പ്രാർത്ഥനയോടുകൂടി ഉള്ളതായ ഈ കൌമ്മാകൾ രണ്ടും വിശുദ്ധ പിതാക്കന്മാർ കൂട്ടിച്ചേർത്തിട്ടുള്ളതാണ്.

എനിയും "ഞങ്ങളുടെ കർത്താവെ ഞങ്ങളുടെമേൽ നീ അനുഗ്രഹം ചെയ്യേണമെ" എന്നുള്ള പ്രാർത്ഥനയാണുള്ളതു്. ഇതോടു ചേർന്നുള്ള മൂന്ന അപേക്ഷകളും പരിശുദ്ധന്മാർ കൂട്ടിച്ചേർത്തിട്ടുള്ളതാണ്. "അനുഗ്രഹം ചെയ്യേണമെ" എന്നോ "കരുണയുണ്ടാകണമെ" എന്നോ പറഞ്ഞാൽ ഉള്ള ഭേദം എന്താണെന്ന നിങ്ങൾതന്നെ ചിന്തിപ്പിൻ. ദേവാലയത്തിൽ പ്രാർത്ഥിപ്പാനായി പോയ ചുങ്കക്കാരനേയും പറീശനേയും നാം നോക്കുന്നപക്ഷം "കർത്താവേ! മഹാപാപിയായ എന്നോടു കരുണയുണ്ടാകണമെ! എന്ന ചുങ്കക്കാരൻ പ്രാർത്ഥിക്കുകയും ആ പ്രാർത്ഥന ദൈവത്താൽ കൈക്കൊള്ളപ്പെടുകയും ചെയ്തു. ഒരു പ്രാർത്ഥനയുടെ ശക്തി പ്രാർത്ഥിക്കുന്ന ആളിന്റെ വാക്കിന്റെയോ വാചകത്തിന്റെയോ ശക്തിയിൽ അല്ലാ സ്ഥിതി ചെയ്യുന്നതു. സത്യമായി അനുതപിക്കുന്ന ഒരു മനുഷ്യന് ഒരു വാക്ക പോലും വെളിയിൽ പറവാൻ നിവൃത്തിയില്ലാതെ വന്നേക്കാം. നുറുങ്ങിയ ഹൃദയത്തിൽ നിന്നും വരുന്ന വാക്കുകൾക്കാണ് അധികം ശക്തിയുള്ളതു്.

അതിനാൽ ചുങ്കക്കാരന്റെ പ്രാർത്ഥനതന്നെയാണു നാമൊ ചൊല്ലിവരുന്നതു്. മൂന്ന പ്രാവശ്യം ചൊല്ലുന്നതു ത്രിത്വത്തെ ഉദ്ദേശിച്ചാണെന്നും ത്രിത്വത്തിൽ വിശ്വസിക്കാത്ത ഒരുത്തൻ ക്രിസ്ത്യാനിയല്ലെന്നും മുൻപു പറഞ്ഞിട്ടുണ്ടല്ലൊ. എനിയും ബാലിലെ ദീർഘദർശിമാരുടെ കഥ നമുക്കു നോക്കാം. ദീർഘദർശിമാരെന്ന നടിച്ചവരായ നാനൂറ്റിഅമ്പതുപേർ ആളുകൾ ഭക്തിയായി പ്രാർത്ഥിക്കുകയും തുള്ളുകയും ചാടുകയും എല്ലാം ചെയ്തിട്ടും അവരുടെ പ്രാർത്ഥനയ്ക്കു യാതൊരു മറുപടിയും കിട്ടിയില്ലാ. പിന്നീടു ദൈവത്തിന്റെ ദീർഘദർശി "കർത്താവേ! എന്നോടു നീ ഉത്തരമരുളി ചെയ്യേണമെ" എന്ന പ്രാർത്ഥിക്കുകയും ഉടൻതന്നെ ആകാശത്തിൽ നിന്നും അഗ്നി ഇറങ്ങി ബലിയെ ഭക്ഷിക്കുകയും ചെയ്തു. ഈ പ്രാർത്ഥനയും നാം മൂന്ന പ്രാവശ്യം ചൊല്ലുന്നുണ്ടു.

എനിയുമുള്ളതു "ദൈവമേ നിനക്കു സ്തുതി" എന്നാദിയായ മൂന്ന സ്തുതികളാണ്. പ്രത്യക്ഷമായ മൂന്നുസ്തുതികളെന്നല്ലാതെ അതിൽ കൂടുതലായി ഒന്നും ഇതിൽ ഇല്ലാ. ഇതിൽ ഉള്ള മൂഢഭക്തി എന്താണെന്ന നിങ്ങൾതന്നെ ഓർപ്പിൻ. ഇതുമായപ്പോൾ നമ്മുടെ കൌമ്മായും തീർന്നു. ഈ പ്രാർത്ഥനയെ പൂർണ്ണമായി വിചാ



രിക്കുന്നവർ തീർച്ചയായും ഈ പ്രാർത്ഥനയുടെ ശക്തിയെ അറിയാത്തവരാണ്.

എനിയും "നന്മനിറഞ്ഞ മറിയമേ" എന്നുള്ള പ്രാർത്ഥനയാണുള്ളതു്. ആദ്യഭാഗത്തെപ്പറ്റിയും കർത്താവിന്റെ പ്രാർത്ഥനയെപ്പറ്റിയും സവിസ്തരമായി ഇവിടെ പ്രസ്താവിച്ചല്ലൊ. "നന്മനിറഞ്ഞമറിയമെ" എന്നാദിയായ പ്രാർത്ഥന കൌമ്മായിൽ ഉൾപ്പെട്ടതാകകൊണ്ടു പ്രാർത്ഥിക്കുന്ന എല്ലാ സന്ദർഭങ്ങളിലും ഇതു കൂടെ ചൊല്ലേണ്ടതാണ്. "നമ്മുടെ ഈ പ്രാർത്ഥന ഇതുമുതൽ സകല വംശങ്ങളും എനിക്ക ഭാഗ്യം തരും" എന്ന മറിയാം പറഞ്ഞതിന്റെ ഒരു നിവൃത്തി മാത്രമാകുന്നു. ഈ പ്രാർത്ഥന ക്രിസ്തീയമാക്കിത്തീർപ്പാൻ മാത്രം ഒടുവിലത്തെ ഭാഗം കൂടി കൂട്ടിച്ചേർത്തിട്ടുള്ളതാണ്. ഏലിശുബാ മറിയാമിനെ കണ്ടപ്പോൾ "കർത്താവിന്റെ അമ്മ എവിടെനിന്ന് എന്റെ അടുക്കൽ വന്നു" എന്ന പറഞ്ഞതായി നാം കാണുന്നു. ഇപ്പോൾ എവിടെനിന്നാണ് വരുന്നതു് എന്നുള്ള അർത്ഥത്തിലല്ലാ ഇതു ചോദിച്ചിട്ടുള്ളതു്. കർത്താവിന്റെ അമ്മ തന്റെ അടുക്കൽ വന്നതു ഒരു അനുഗ്രഹമായിട്ടു വിചാരിച്ചു മാത്രം ഈ വാചകം പറഞ്ഞിട്ടുള്ളതാണ്. പരിശുദ്ധ മാതാവിനെക്കുറിച്ചുള്ള ഭക്തി കാണിപ്പാനും പ്രാർത്ഥന ക്രിസ്തീയമാക്കിത്തീർപ്പാനും കൂടിയാണ് അവസാനഭാഗങ്ങൾ ചേർത്തിട്ടുള്ളതു്. അന്യന്മാർ ആക്ഷേപിക്കുന്നതായ കൌമ്മാദികളിൽ പ്രസ്താവിച്ചതാണ്

നാം സംസ്കൃതവാക്കുകൾകൊണ്ടോ, നമ്മുടെ വാഗ്വൈഭവംകൊണ്ടോ ദൈവത്തെ പ്രസാദിപ്പിപ്പാൻ വിചാരിക്കുന്നു എങ്കിൽ അതു നമ്മുടെ ഭോഷത്വമാകുന്നു. ഒരാൾക്കു പ്രാർത്ഥിപ്പാനറിവാൻ പാടില്ലായെന്നുള്ള നിഷ്കളങ്കമായ മനസ്സാക്ഷിയിൽനിന്ന "കർത്താവേ എന്നെ പ്രാർത്ഥിപ്പാൻ പഠിപ്പിക്കേണമെ" എന്ന പ്രാർത്ഥിക്കുന്നതായാൽ അതു നീളം കൂടിയ മനഃപ്രാർത്ഥനയേക്കാൾ ഫലം ചെയ്യുന്നതാണ്. പ്രാർത്ഥിപ്പാനറിവാൻ പാടില്ലായെന്നുള്ള താഴ്മയായ വിചാരം തന്നെയും പ്രാർത്ഥനയുടെ ഫലം ചെയ്യുന്നതാണ്.

എനിയും നമ്മുടെ പ്രാർത്ഥനയെപ്പറ്റി മറ്റുള്ളവർ പറയുന്ന ആക്ഷേപം വളരെ നീളം കൂടിപോയി എന്നുള്ളതാണ്. ഇതു ഒരുവിധം വാസ്തവം തന്നെ. നിശ്ചയിച്ചിട്ടുള്ളതായ പ്രാർത്ഥന വളരെയുള്ളതിനാൽ പഠിക്കുന്നതിനും ഭക്ഷണം കഴിക്കുന്നതിനും കൂടി സമയമില്ലെന്ന വിദ്യാർത്ഥികളായ നിങ്ങൾക്കു തോന്നിയേക്കാം. ദൈവത്തിനായിട്ടു മാത്രം ജീവിതം ചിലവു ചെയ്യേണ്ടിയവരായ റമ്പാന്മാർ മുതലായവർ മാത്രമെ ഈ പ്രാർത്ഥനകൾ മുഴുവൻ ചൊല്ലേണമെന്ന നിർബന്ധമുള്ളു. അല്മേനികൾ ചൊല്ലണമെന്ന നിർബന്ധമുള്ളതായി ഒരു കൌമ്മായും വിശ്വാസപ്രമാണവും മാത്ര

മെയുള്ളൂ. ഇതിനിടയ്ക്ക് അവരവരുടെ രഹസ്യമായ പ്രാർത്ഥനകൾ ചൊല്ലേണ്ടതു് അത്യാവശ്യമാണ് അതിനുപകരമാണ് പിതാക്കന്മാരുടെ രഹസ്യപ്രാർത്ഥനകൾ അവിടെ ചേർത്തിരിക്കുന്നതു. ഇതിനും സമയമില്ലെന്നു പറയുന്നവരായി ആരും കാണുമെന്നുതോന്നുന്നില്ല. ഞാൻ ഈ പറഞ്ഞിട്ടുള്ളതായ യാതൊന്നും എന്റെ തന്നതല്ലെന്നും ഗ്രീഗോറിയോസ്സ് ബെറെബ്രായ എന്ന പരിശുദ്ധന്റെ അഭിപ്രായമാണെന്നും നിങ്ങളെല്ലാവരും പ്രത്യേകം ഓർത്തിരിക്കണം. ജനങ്ങൾ കൂട്ടംകൂടി പ്രാർത്ഥിക്കുന്ന സമയവും പട്ടക്കാരോടുകൂടി പ്രാർത്ഥിക്കുന്നസമയവും പ്രാർത്ഥന മുഴുവൻ ചൊല്ലേണ്ടത് നിർബന്ധമാണു. രസകരമായ നമ്മുടെ കൌമാ നമ്മുടെ നിഷ്കളങ്കമായ ഹൃദയത്തിൽനിന്നു ചൊല്ലുന്നതായാൽ അപ്പോൾതന്നെ നാം സ്വർഗ്ഗത്തിലാണെന്നു തോന്നിപ്പോകുന്നതാണ്. മാലാഖാമാർ കൂടി ചൊല്ലുന്നതായ ഈ സ്തുതികൾ ചൊല്ലുന്ന സമയം നാമും മാലാഖാമാരുടെ കൂട്ടത്തിൽനിന്നുകൊണ്ടു ദൈവത്തെ സ്തുതിക്കുകയാണെന്നു നമ്മുടെ ഹൃദയത്തിൽ തോന്നാവുന്നതാണ്. നമ്മുടെ കൌമായെ പുച്ഛിക്കുന്നവർ പരിശുദ്ധന്മാരെയും തങ്ങളെത്തന്നെയും നിന്ദിക്കുകയും അവരുടെ അറിവില്ലായ്മയെ വെളിപ്പെടുത്തുകയും ചെയ്യുന്നതു്. നമുക്കു സൌകര്യമുള്ള എല്ലാ സമയങ്ങളിലും ശ്രദ്ധമാ നമസ്കരിക്കേണ്ടിയതാണ്. മനസ്സിൽ നിന്ദയോടും ബുദ്ധിമുട്ടോടും കൂടി നാം കൌമാ ചൊല്ലുന്നു എങ്കിൽ അതു വലിയ കഷ്ടമാണ്. പരിശുദ്ധന്മാരുടെ നിശ്ചയങ്ങളെ അറിവില്ലാത്തവരായ നാം നിന്ദിക്കുകയോ നിന്ദിക്കുന്നവരോടുകൂടി ചേരുകയോ ചെയ്യുന്നു എങ്കിൽ അതു നമുക്കു ഒരു ശാപമായിത്തീരുന്നതാണ്. നാം നമ്മുടെ ദൈവത്തെ നമ്മുടെ സകലവിചാരത്തിലും വാക്കിലും പ്രവൃത്തിയിലും വന്ദിക്കുകയും ചെയ്യണം.

---

ഞാൻ മുഴുവനും നിനക്കുള്ളവനും നീ എന്റേതും ഇനിക്കുള്ളവനും ആയിരിക്കേണ്ടതിനു, ഇതാ ഞാൻ എന്നെ മുഴുവനും നിനക്കുവേണ്ടി എന്റെ പിതാവിന് അർപ്പിക്കയും എന്റെ ശരീര രക്തങ്ങൾ മുഴുവനും നിനക്കു ഭക്ഷിപ്പാൻ തരികയും ചെയ്തു. എന്നാൽ നീ നിന്നിൽതന്നെ ഉറച്ചുനില്ക്കയും എന്റെ ഇഷ്ടത്തിനു മനസ്സോടുകൂടെ നിന്നെ ഏല്പിക്കാതിരിക്കയും ചെയ്യുന്നതായാൽ അതു പൂർണ്ണമായ കാഴ്ച ആയിരിക്കയില്ല. നാം തമ്മിൽ പൂർണ്ണമായ യോജ്യത ഉണ്ടാകയുമില്ല.

അതുകൊണ്ടു സ്വാതന്ത്ര്യവും കൃപാകടാക്ഷവും ലഭിക്കണമെന്നുണ്ടെങ്കിൽ സകല യത്നങ്ങൾക്കും മുമ്പെ ദൈവത്തിന്റെ കൈകളിൽ നിന്നെത്തന്നെ പൂർണ്ണമായി നീ അർപ്പിക്കണം. വളരെ ചുരുക്കംപേർമാത്രം ആന്തരമായ സ്വാതന്ത്ര്യവും പ്രകാശവും ലഭിക്കുന്നതിന്റെ കാരണം അവർക്കു പൂർണ്ണമായി തങ്ങളെത്തന്നെ വർജ്ജിപ്പാൻ പാടില്ലാത്തതത്രേ.

തോമ്മാസ് എ- കെംപീസ്.

---



## മ്ശിഹാനുകരണം

### എട്ടാം അദ്ധ്യായം.

### യേശുവിനോടുള്ള ഗാഢമായസ്നേഹം.

൧ യേശു നമ്മുടെ സമീപത്തുള്ളപ്പോൾ എല്ലാം സുഖേന കഴിഞ്ഞുകൂടുന്നു, ഒന്നും പ്രയാസമായി തോന്നുന്നുമില്ല, എന്നാൽ യേശു ദൂരെയായിരിക്കുമ്പോൾ ഓരോന്നും നമുക്കു ഭാരമായി ഭവിക്കുന്നു നമ്മുടെ ഉള്ളിൽ യേശു സംസാരിക്കാതിരിക്കുമ്പോൾ സകല ആശ്വാസവും നിസ്സാരമത്രേ, എന്നാൽ യേശു ഒരു ഒറ്റ വാക്കു പറഞ്ഞാൽ അനല്പമായ ആശ്വാസം നമുക്കുണ്ടാകുന്നു മറിയംമഗ്ദലീത്തായോടു, "യജമാനൻ ഇവിടെ എത്തീട്ടുണ്ടു, നിന്നെ വിളിക്കുന്നു," എന്നു മർത്ത പറഞ്ഞപ്പോൾ, വിലപിച്ചുകൊണ്ടിരുന്നിടത്തുനിന്നു മറിയം ക്ഷണത്തിൽ എഴുന്നേറ്റില്ലയോ? കണ്ണുനീരിൽനിന്നു ആത്മാവിന്റെ സന്തോഷത്തിലേക്കു യേശു നിന്നെ വിളിക്കുന്ന നാഴിക ഭാഗ്യമേറിയതാകുന്നു യേശു അടുത്തില്ലാത്തപ്പോൾ നീ എത്ര വരണ്ടും തണുത്തും ഇരിക്കുന്നു! തിരുമേനിയെ ഒഴിച്ചു മറ്റെന്തിനെ എങ്കിലും നീ ഇച്ഛിക്കുന്നുവെങ്കിൽ അതു എത്ര നിസ്സാരവും വ്യർത്ഥവും ആയിരിക്കും! നിനക്കിതു സർവ്വലോകവും നഷ്ടപ്പെടുന്നതിനെക്കാൾ വലിയതായ ഒരു നഷ്ടമായിരിക്കയില്ലയോ?

൨ യേശുവിനെ കൂടാതെ ലോകം സ്വയമായി നിനക്കു എന്തു തരുവാൻ കഴിയും? യേശുവിൽനിന്നു അകന്നിരിക്കുന്നതു ദുഃഖകരമായ നരകത്തിൽ വസിക്ക ആകുന്നു യേശുവിനോടുകൂടെ ഇരിക്കയെന്നതോ എത്രയും ആനന്ദകരമായ സ്വർഗ്ഗവാസവും അത്രേ യേശു നിന്നോടുകൂടെ ഉണ്ടെങ്കിൽ യാതൊരു ശത്രുവിനും നിന്നെ ഉപദ്രവിപ്പാൻ കഴികയില്ല യേശുവിനെ കണ്ടെത്തുന്നവൻ വിലമതിക്കാവതല്ലാത്ത ഒരു നിധിയേയും സകല പുണ്യങ്ങൾക്കും മേലായുള്ള ഒരു പുണ്യത്തേയും കണ്ടെത്തുന്നു യേശുവിന്റെ സാന്നിദ്ധ്യത്തെ നശിപ്പിക്കുന്നവൻ യഥാർത്ഥത്തിൽ സർവ്വ ലോകവും അതിൽനിന്നു അപ്പുറമായ അനേകഗുണങ്ങളെയുംകാൾ അധികമാണു നശിപ്പിച്ചുകളയുന്നതു യേശുവിനെ കൂടാതെ ജീവിക്കുന്നവൻ അതിദരിദ്രനും, പ്രത്യുത യേശു ആരെ സ്നേഹിച്ചു അവനോടുകൂടി ജീവിക്കുന്നുവോ അവൻ അതിസമ്പന്നനും അത്രേ

൩ യേശുവിനോടു സംസാരിപ്പാൻ സാധിക്കുകയെന്നതു ഒരു വലിയ വിദ്യതന്നെയാണു; നിന്നോടുകൂടെ എങ്ങിനെ യേശുവിനെ അധിവസിപ്പിക്കേണ്ടു എന്നു അറിയുന്നതും ഒരു വലിയ ജ്ഞാനമാകുന്നു. താഴ്മയോടും സമാധാനത്തോടുംകൂടെ വസിക്കുക, എന്നാൽ യേശു നിന്നോടുകൂടെ ആയിരിക്കും. ഭക്തിയോടും ശാന്തതയോടുംകൂടെ വസിക്കുക, എന്നാൽ യേശു നിന്നെ ഒരിക്കലും ഉപേക്ഷിക്കുകയില്ല. ലോകവസ്തുക്കളാകുന്ന സ്ഥൂലകാര്യങ്ങളിലേക്കു തിരിയുന്നതിൽ നീ ഉൽസുകനായിരിക്കുകയാണെങ്കിൽ വേഗത്തിൽ നീ യേശുവിനെ തള്ളിയോടിക്കുകയും അവന്റെ കൃപയെ നശിപ്പിക്കുകയും ചെയ്യുന്നു. തിരുമേനിയേ നീ ഓടിച്ചുകളഞ്ഞു, അവിടുത്തെ കൃപയെ നശിപ്പിച്ചാൽ പിന്നെ ആരിൽ നീ സങ്കേതം പ്രാപിക്കും? യാതൊരു സ്നേഹിതനും കൂടാതെ നിനക്കു ജീവിപ്പാൻ കഴിയുകയുമില്ല, നിന്റെ ഏറ്റവും പ്രിയപ്പെട്ട ഒന്നാമത്തെ സ്നേഹിതൻ യേശു വല്ലെങ്കിൽ നിനക്കു വളരെ വ്യസനവും ഏകാന്തവാസവും ഉണ്ടാകും. അതിനാൽ മറ്റാരേയെങ്കിലും നീ ആശ്രയിക്കുകയോ മറ്റേതിങ്കിലും ഒരു സ്നേഹിതനിൽ ആനന്ദിക്കുകയോ ചെയ്യുന്നയാണെങ്കിൽ അതു വിഡ്ഢിത്വമായിരിക്കും. സർവ്വ ലോകവും നമ്മോടു എതിർത്താൽ പോലും യേശുവിനെ നാം മുഷിപ്പിക്കരുതാത്തതാകുന്നു. ആയതുകൊണ്ടു നിനക്കിഷ്ടമുള്ള എല്ലാവരിലുംവച്ചു ഒന്നാമത്തവനും ഏറ്റവും പ്രിയപ്പെട്ടവനും യേശുവായിരിക്കട്ടെ.

൪ നാം യേശുവിനെപ്രതി എല്ലാവരേയും യേശുവിനെ തന്നെയും സ്നേഹിക്കണം. നമ്മുടെ സ്നേഹത്തിൽ യേശുമാത്രം നില്ക്കണം, എന്തെന്നാൽ എ

ല്ലാ പുണ്യവും അവൻ മാത്രമാണ, മറെറല്ലാവരേക്കാൾ അവൻ വിശ്വസ്തനായി കാണപ്പെടുകയും ചെയ്യുന്നു. നിന്റെ സ്നേഹിതരേയും ശത്രുക്കളേയും ഒരുപോലെ യേശുവിലും യേശുവിനെപ്രതിയും നീ സ്നേഹിക്കണം, എല്ലാവരും അവനെ അറിവാനും സ്നേഹിപ്പാനും ആയിട്ട എല്ലാവൎക്കുംവേണ്ടി അവനോട നീ പ്രാൎത്ഥിക്കയും വേണം. ആരുടേയും സ്നേഹത്തിനും സ്തുതിക്കും ഏകവിഷയമായി ഭവിക്കുവാൻ നീ ഒരിക്കലും ആഗ്രഹിക്കരുതു: നിരുപമൻ ആയിരിക്കുന്ന ദൈവം മാത്രമാണ ഇതിനു അൎഹൻ, യാതൊരുത്തന്റെ ഹൃദയം മുഴുവൻ നിന്നെ തുറന്നുകാണിപ്പാൻ നീ ഇച്ഛിക്കുകയോ, യാതൊരുത്തനേയും നിന്റെ ഹൃദയം മുഴുവൻ തുറന്നുകാണിക്കുകയോ ചെയ്യരുതാത്തതാകുന്നു. നിന്റെ കൂടെയും സകല സജ്ജനങ്ങളുടെ കൂടെയും യേശു ഇരിപ്പാൻ മാത്രം പ്രാൎത്ഥിച്ചുകൊള്ളുക.

൭ ഹൃദയം നിൎമ്മലമായിരിപ്പാനും ജീവികളോടുള്ള ഓരോ ബന്ധത്തിൽനിന്നും മോചിക്കപ്പെടുവാനും യത്നിക്കുക. "കൎത്താവു എത്ര മാധുൎയ്യമേറിയവനാണെന്നു രുചിച്ചുനോക്കാ"നുള്ള സ്വാതന്ത്ര്യം നിനക്കു കിട്ടണമെന്നു നീ ആഗ്രഹിക്കുന്നെങ്കിൽ സൎവ്വലോകേച്ഛകളിൽനിന്നും മുക്തി പ്രാപിച്ചു, ദൈവത്തിലേക്കു മാത്രം നീ നിന്റെ ഹൃദയത്തെ തിരിക്കേണ്ടിയിരിക്കുന്നു, മറെറല്ലാ ആശകളേയും തള്ളികളഞ്ഞു തന്നിൽമാത്രവും തന്നോട മാത്രവും നീ ബന്ധിക്കപ്പെടുവാൻ വേണ്ടി ദൈവകാരുണ്യം നിന്റെ മുമ്പിൽ കടന്നു തന്നിലേക്കു നിന്നെ ആകൎഷിച്ചതിന്റെ ശേഷമല്ലാതെ യഥാൎത്ഥത്തിൽ നീ ഈ സ്ഥിതിയെ ഒരിക്കലും പ്രാപിക്കയില്ല. എന്തെന്നാൽ ഒരുത്തന്റെ ആത്മാവിലേക്കു ദൈവകാരുണ്യം ഒഴുകിക്കൊണ്ടിരിക്കുമ്പോൾ അവൻ ഏതു കാൎയ്യത്തിനും പ്രാപ്തനായിത്തീരുന്നു, അതു അവനെ വിട്ടുപോകുമ്പോൾ അവൻ ദരിദ്രനും ദുൎബ്ബലനും സകല കഷ്ടാരിഷ്ടതകളുടേയും പാത്രവും ആയി ഭവിക്കുന്നു. ഇങ്ങിനെയുള്ള സമയം നീ വ്യസനിക്കുകയോ അധൈൎയ്യപ്പെടുകയോ ചെയ്യാതെ ദൈവത്തിന്റെ നല്ല തിരുവിഷ്ടത്തിനു ശാന്തമായി കാത്തിരുന്നു, നിന്റെമേൽ ഭാരമായി വരുന്ന സകല ഉപദ്രവങ്ങളും ദൈവമഹത്വത്തിനായി തീരുന്നതിനു കാഴ്ചയണയ്ക്കുക. എന്തെന്നാൽ വൎഷം കഴിഞ്ഞാൽ വേനൽ വരുന്നു, രാത്രി കഴിഞ്ഞാൽ പകൽ വരുന്നു, കൊടുങ്കാററിന്റെ ശേഷം പൂൎണ്ണ ശാന്തതയും ഉണ്ടാകുന്നു.

---

## രക്ഷാമാൎഗ്ഗം.

സ്വൎഗ്ഗഗണങ്ങൾ തങ്ങളുടെ നിഗളംമൂലം ഏതുപ്രകാരം ദൈവമഹിമയെ നഷ്ടപ്പെടുത്തുകയും സ്രഷ്ടാവിന്റെ കോപത്തിനും നിത്യശിക്ഷയ്ക്കും പാത്രവാന്മാരായി തീരുകയും ചെയ്തുവോ അതേപ്രകാരം മനുഷ്യവൎഗ്ഗത്തിന്റെ ആദ്യജനകനും ജനനിയുമായ ആദാമും ഹവ്വായും നിഗളംമൂലം തങ്ങളുടെയും ഭാഗ്യത്തെ നഷ്ടപ്പെടുത്തുകയും സ്രഷ്ടാവിന്റെ കോപത്തിനും നിത്യശിക്ഷയ്ക്കും പാത്രവാന്മാരായിത്തീരുകയും ചെയ്തു. രക്തസംബന്ധമില്ലാത്തതിനാൽ ആയിരിക്കണം മാലാഖമാരുടെ പാപം ഒരുത്തനിൽനിന്നു ഒരുത്തനിലേക്കു കടക്കുകയോ ഒരുത്തൻമൂലം മറെറാരുവൻ കുററപ്പെടുകയോ ചെയ്യാഞ്ഞതു. എന്നാൽ മനുഷ്യർ അപ്രകാരമല്ല. ആദ്യ മാതാപിതാക്കന്മാരുടെ പാപംമൂലം സൎവ്വ മനുഷ്യസൃഷ്ടിയും പാപത്തിന്റെ അടിമയിൽ അകപ്പെട്ടു (റോമ: ൫ ൧൨). അതെ പാപം ചെയ്യാത്തവരിൽകൂടെ മരണം ആദാംമുതൽ മോശവരെയും വാണു. (റോമ: ൫



൧൪). ഇതിന്റെ കാരണം എന്തു മനുഷ്യവൎഗ്ഗത്തിന്റെ രക്തസംബന്ധമല്ലയോ.

അതേ നാം നമ്മുടെ ആദ്യമാതാപിതാക്കന്മാരുടെ അംശമല്ലയോ, നമ്മുടെ രക്തം അവരുടേതല്ലയോ, നമ്മുടെ ശരീരം അവരുടേതല്ലയോ. ഇപ്രകാരം സൎവ്വമനുഷ്യസൃഷ്ടിയും അവരോട ബന്ധിക്കപ്പെട്ടിരിക്കുന്നു. അതിനാൽ അല്ലയോ നിന്റെ ദൈവമായ യഹോവയായ ഞാൻ വൈരാഗ്യമുള്ള ദൈവമാകുന്നു. എന്നോട പകയ്ക്കുന്നവരിൽ മൂന്നാമത്തവരും നാലാമത്തവരും വരെയുള്ള മക്കളുടെമേൽ പിതാക്കന്മാരുടെ അന്യായത്തെക്കുറിച്ചു ചോദിക്കും (പുറ, ൨൦- ൫) എന്നു ദൈവം പറയുന്നു. ആദാംമൂലം പാപം ലോകത്തിൽ കടന്നു. ആ പാപത്തിനു പരിഹാരം ഉണ്ടാകേണ്ട ഭാരം പാപത്തിനു കുററം അനുഭവിക്കുന്ന സൎവ്വ മനുഷ്യൎക്കും ഉണ്ട. ഒരുത്തൻ കുററം ചെയ്താൽ മറെറാരുവനോട ചോദിക്കാമെങ്കിൽ ആ മററവനു കുററത്തിൽനിന്നുള്ള വിടുതലും ഉണ്ടാക്കുവാൻ കഴിയണം. ഇതിനാൽ ആദ്യമാതാപിതാക്കന്മാരുടെ പാപപരിഹാരഭാരം അവരുടെ സന്തതിയിൽ ഇരിക്കുന്നു. ഈ ന്യായേന ആണ മറെറതു വിധത്തിലെങ്കിലും മനുഷ്യവൎഗ്ഗത്തെ രക്ഷിക്കാൻ ശക്തിയുള്ള ദൈവം മനുഷ്യപുത്രനായിത്തീൎന്നത. ത്രിത്വത്തിൽ രണ്ടാമനായി സൎവ്വവും സ്നേഹമയമായിരിക്കുന്ന മിശിഹായിക്കല്ലാതെ ഈ ദിവ്യസംഗതിയെ നിറവേററുവാൻ ആദാമ്യസന്തതികളിൽ ഒരു ആചാൎയ്യനൊ ഒരു ദീൎഘദൎശിക്കൊ ആകുന്നതിന്നു കഴിഞ്ഞില്ല. ഇതിന്റെ നിവൃത്തിക്കായി താൻ തന്റെ അതിരററ കരുണയാൽ തന്റെ സൃഷ്ടിയുടെ പുത്രനായിത്തീൎന്നു. നമുക്കുവേണ്ടി സകല കഷ്ടതകളേയും താൻ ഏററു ഏശായ ൫൩ മുഴുവൻ. (വേദപുസ്തകത്തിൽനിന്നും ഈ ഭാഗം വായിക്കാതെ മുമ്പോട്ടു പോകരുത). ഏശാ ൫൩- ൭ പറയുംപ്രകാരം ഉള്ള ഒരാടിനല്ലാതെ തന്റെ പിതാക്കന്മാൎക്കുവേണ്ടി ബലിയായി തന്നെത്തന്നെ കൊടുപ്പാൻ ആൎക്കു കഴിയും.

ഈ കഷ്ടതകൾ എന്തിനാകുന്നു താൻ സഹിച്ചതു (റോമാ, ൮- ൩) എങ്ങിനെയെന്നാൽ ജഡത്തിലുള്ള ബലഹീനതനിമിത്തം ന്യായപ്രമാണത്തിനു കഴിയാഞ്ഞതിനെ സാധിപ്പാൻ ദൈവം തന്റെ സ്വന്ത പുത്രനെ പാപജഡത്തിന്റെ സാദൃശത്തിലും പാപംനിമിത്തവും അയച്ചു. പാപത്തെ ജഡത്തിൽ കുററം വിധിച്ചു "എന്തുകൊണ്ടെന്നാൽ അവൻ ദൈവദൂതന്മാരുടെ"; എബ്രാ, ൨- ൧൬, ൧൭. ഇപ്രകാരം മനുഷ്യവൎഗ്ഗത്തിൽ ആരും നിവൃത്തിക്കാത്ത ദിവ്യരക്ഷയെ തിരുമേനി തന്റെ മനുഷ്യാവതാരംമൂലം നിറവേററി. ഇതു തന്റെ കൃപയാലാകുന്നു. (റോമാ, ൫- ൧൭). നമ്മുടെ വൈഭവത്താലല്ലാ. ഈ കൃപയാൽ നാം രക്ഷിക്കപ്പെട്ടിരി

ക്കുന്നു. ഈ രക്ഷ മിശിഹായുടെ ഇഹലോകവാസത്തിൽ തന്നോടു കൂടി ജീവിച്ചിരുന്നവർക്കുമാത്രമല്ല, ആദാംമുതൽ ഇനിയും ജനിക്കാനിരിക്കുന്ന അവസാനത്തെ മനുഷ്യൻവരെ എല്ലാവർക്കും ഒരുപോലെ ഉള്ളതാകുന്നു. ഇപ്രകാരം എല്ലാവർക്കും ഒരുപോലെ നേടിവച്ചിരിക്കുന്ന ഈ രക്ഷയെ അനുഭവമാക്കേണ്ട ഭാരം നമുക്കുള്ളതാകുന്നു. തന്നെത്തന്നെ നമുക്കു തന്നു എന്നുള്ളതിൽ തന്റെ കൃപയും നമ്മുടെ രക്ഷയും ഇരിക്കുന്നു, ഈ തന്നെ ആണ് നാം അനുഭവമാക്കേണ്ടതു്. അതു മനസ്സിൽ ഉണ്ടായി മാഞ്ഞുപോകുന്ന വെറും വിചാരത്താൽ സാധിക്കുന്നതല്ല ഈ വിചാരം അഥവാ വിശ്വാസം പിശാചുകൾക്കും കാണേക്കാം. എന്നാൽ മിശിഹാ ജഡത്തിൽ വന്നു എന്നു സ്വീകരിച്ചു പറയുന്ന ആത്മാവൊക്കയും ദൈവത്തിൽ നിന്നാകുന്നു. (൧ യോഹ, ൪. ൨) ഇതു ചരിത്രരേഖകളാൽ പുറജാതികളും സമ്മതിച്ചേക്കാം. ജഡത്തിൽ വന്നവനെ ജഡത്തിൽ സ്വീകരിക്കാത്ത ഒരുത്തനും ക്രിസ്ത്യാനി അല്ല.

ജഡത്തിൽ സ്വീകരിക്കുന്നവർ ക്രിസ്തു സകലരുടെ പാപങ്ങൾക്കുവേണ്ടി മരിച്ചതായി എനിക്കു വിശ്വാസം ഉണ്ടെന്നുമാത്രം പറഞ്ഞു തൃപ്തിപ്പെടുകയില്ല. ഈ വിശ്വാസത്തിന്റെ ഫലമെന്തു് ഈ വിചാരം അവനിൽ നിന്നു സ്വല്പനേരത്തേക്കു വിട്ടുപോയെങ്കിൽ അവനിൽ മിശിഹാ ഇല്ലായിരിക്കും അവൻ ക്രിസ്ത്യാനിയും അല്ലായിരിക്കും. ഇതാണോ ക്രിസ്തുമതം. മിശിഹാ വെറും മാനുഷീകവിചാരത്തേയും വിശ്വാസത്തേയും മാത്രം ആശ്രയിച്ചിരിക്കുന്ന ആളല്ലൊ ഒരികലുമല്ല.

ഇപ്രകാരം മിശിഹായുടെ ജഡധാരണത്തെ വിശ്വസിക്കയും തന്നെ ജഡത്തിൽ സ്വീകരിക്കാതെ ഇരിക്കയും ചെയ്യുന്ന അനേകം ക്രിസ്തീയ വകുപ്പുകാർ ഈ കാലത്തുണ്ടു് ഇവർക്കു പുറജാതിക്കാരേക്കാൾ എന്തു വിശേഷതയുള്ളു. അവരിൽ മിശിഹാ എല്ലായ്പ്പോഴും വസിക്കുന്നു എന്നു അവർക്കു വിശ്വാസം ഇല്ല. എന്തെന്നാൽ അവരുടെ ജഡത്തിൽ മിശിഹായുടെ ജഡം വസിക്കുന്നില്ല എന്നാൽ വെറും ഊഹത്തിലും വിചാരത്തിലും ആണ് അവർ മിശിഹായെ കൈക്കൊള്ളുന്നതു. മിശിഹായുടെ ജഡം നമ്മുടെ ജഡത്തിൽ വസിക്കുന്നെങ്കിൽ നമ്മുടെ ജഡം മിശിഹായുടെ ജഡത്തെ സ്വീകരിക്കാതെ നമ്മുടെ മനസ്സ് മിശിഹായുടെ മനുഷ്യാവതാരത്തെയും തന്റെ ക്രൂശാരോഹണത്തേയും വിശ്വസിച്ചാൽ മതിയോ

മിശിഹാ ജഡത്തിൽ വന്നു എന്നു വിശ്വസിക്കുന്നവൻ തന്നെ ജഡത്തിൽ കൈക്കൊള്ളുന്നു. ജഡത്തിൽ കൈക്കൊള്ളാത്ത ഒരുവനും തന്റെ ജഡധാരണത്തെ വിശ്വസിക്കുന്നില്ല. തന്നെ ജഡത്തിൽ കൈക്കൊള്ളുന്നതിനുള്ള മാർഗ്ഗം ദൈവം നമുക്കു കാണിച്ചുതന്നിട്ടുണ്ടു്. (യോഹ, ൬. ൫൩—൫൭) അപ്പോൾ യേ



ശു അവരോടു പറഞ്ഞതു സത്യമായിട്ടു സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു നിങ്ങൾ മനുഷ്യപുത്രന്റെ മാംസം ഭക്ഷിക്കാതെയും അവന്റെ രക്തം കുടിക്കാതെയും ഇരുന്നാൽ നിങ്ങൾക്കു നിങ്ങളിൽതന്നെ ജീവൻ ഇല്ല. എന്റെ മാംസം ഭക്ഷിക്കയും എന്റെ രക്തം കുടിക്കയും ചെയ്യുന്നവന്നു് നിത്യജീവൻ ഉണ്ടു്. ഞാൻ ഒടുക്കത്തെ നാളിൽ അവനെ ഉയിർത്തെഴുന്നേല്പിക്കും. എന്തുകൊണ്ടെന്നാൽ എന്റെ മാംസം സാക്ഷാൽ ഭക്ഷണം ആകുന്നു എന്റെ രക്തം സാക്ഷാൽ പാനീയവുമാകുന്നു എന്റെ മാംസം ഭക്ഷിക്കയും എന്റെ രക്തം കുടിക്കയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വിശ്വസിക്കും. ജീവനുള്ള പിതാവു എന്നെ അയച്ചിട്ടു ഞാൻ പിതാവു മൂലം ജീവിക്കുന്നതു പോലെ എന്നെ ഭക്ഷിക്കുന്നവൻ ഞാൻമൂലം ജീവിക്കും. ഈ കർത്താവിന്റെ വചനത്തെ സ്വീകരിച്ച തിരുമേനിയുടെ ജഡത്തെയും രക്തത്തേയും നമ്മുടെ ജഡത്തിലും രക്തത്തിലും സ്വീകരിക്കാതെ ഒരുത്തൻ എങ്ങനെ ജീവിക്കാം. ഇവിടെ മനസിൽ ഉള്ള ധ്യാനം മതിയാകുമൊ കർത്താവു നമ്മിൽ വസിക്കണമെങ്കിൽ തന്റെ മാംസം ഭക്ഷിക്കയും തന്റെ രക്തം കുടിക്കയും ചെയ്യേണ്ടയോ? ക്രിസ്തു തന്നിൽ വസിക്കുന്നവരല്ലയൊ ക്രിസ്ത്യാനികൾ. കർത്താവു വച്ചിരിക്കുന്ന സാക്ഷാൽ രക്ഷാമാർഗ്ഗം ഇതാകുന്നു.

---

## താലന്തുകളുടെ ഉപമ.

വി. മത്തായി ൨൫; ൧൪—൩൦.

പി. ഐ. ജെ.

ഈ ഉപമ ഉപരിഭാഗത്തിൽ താഴെ വരുന്നപ്രകാരം നമ്മെ പഠിപ്പിക്കുന്നു. ദൈവം നമുക്കു തരുന്ന സകല ദാനങ്ങളും അവകളുടെ വിത്തു മാത്രമായും നാം അവയെ വർദ്ധിപ്പിക്കേണ്ടവയായും ഇരിക്കുന്നു. അഞ്ചു താലന്തുകൾക്കു് അഞ്ചു കൂടി ജനിപ്പിക്കുന്നതിനു ശക്തിയുണ്ടു. എന്നാൽ അവയെ വർദ്ധിപ്പിക്കുന്നതിനു, അതുകൾ ആരുടെ പക്കൽ ഏല്പിക്കപ്പെട്ടിരിക്കുന്നുവൊ, അവന്റെ ബുദ്ധിശക്തിയും മനസ്സും ആവശ്യപ്പെട്ടിരിക്കുന്നു. ശരീരത്തിന്റെയൊ, മനസ്സിന്റെയൊ, ആത്മാവിന്റെയൊ ശക്തികൾ അവയുടെ പൂർണ്ണതയിൽ നമുക്കു തരപ്പെടുന്നില്ല. ജീവിതകാലം മുഴുവനിലും നാം അവയെ വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. അവയെ നന്നായി ഉപയോഗിക്കയൊ, ചീത്തയായി ഉപയോഗിക്കയൊ, അല്ലെങ്കിൽ തീരെ ഉപയോഗിക്കാതെ വെച്ചുകയൊ ചെയ്യാവുന്ന ശക്തിയോടുകൂടി നമ്മെ ഭരമേല്പിച്ചിരിക്കുന്നു. ഒരു ദാനവും മനോശക്തിയെ കവിഞ്ഞു് അതിന്റെ സ്വയമായുള്ള വളർച്ചയെ നിർബ്ബന്ധിക്കത്തക്കവണ്ണം അത്ര ബലവത്തായിട്ടുള്ളതല്ല. നമുക്കു് എന്തു കിട്ടീട്ടുണ്ടോ അതിനെക്കൊണ്ടു നാം എന്തു ചെയ്യുന്നുവൊ, അതിൽ എല്ലാം ആശ്രയിച്ചിരിക്കുന്നു. വലിയ ദാനങ്ങൾ കിട്ടീട്ടുള്ള അനേകമാളുകളെ നാം ഇഹലോകത്തിൽ കാണുന്നുണ്ടു. എന്നാൽ അവയെ വർദ്ധിപ്പിക്കുന്നതിനു ആവശ്യമുള്ള പരിതാപവും പ്രയാസവും വഹിക്കുന്നതിനു, മടിയുള്ളവരായിരിക്കുന്നതുകൊണ്ടു, അവർ അവയെ വർദ്ധിപ്പിക്കാതെയും, പരിചയിപ്പിക്കാതെയും, വിട്ടിട്ടുള്ളതായി നാം കാണുന്നു.

പ്രകൃതസിദ്ധമായ ദാനങ്ങളായി, ലോകത്തിലേക്കു നാം വന്നപ്പോൾ, നമുക്കു സ്വയമായി കിട്ടീട്ടുള്ള ദാനങ്ങളെക്കുറിച്ചും, നാം ഇപ്രകാരമാണു കാണുന്നതു.

മല്ലാ. ഇപ്രകാരം ഉള്ള അനേകർ പരിശുദ്ധന്മാരായി തീൎന്നിട്ടുണ്ടു. അവരുടെ ഭാഗങ്ങളോടുപമിച്ചു നോക്കിയാൽ, വളരെ സാമ്യമില്ലാത്ത കാൎയ്യങ്ങളെ അവരുടെ ജീവിതത്തിൽ, പ്രവൃത്തിച്ചിട്ടുണ്ടു. നമ്മുടെ കൎത്താവു കാരണത്തെ നമുക്കു പറഞ്ഞുതരുന്നു. ദൈവത്തിന്റെ സ്വഭാവത്തെക്കുറിച്ചു ഒരു തെറ്റായ അഭിപ്രായം തോന്നുന്നതിനാൽ, ഇതു ആദ്യമായി നോക്കുന്ന ഒന്നാകുന്നു. നാം അറിഞ്ഞിരിക്കുന്നതിനെക്കാൾ അധികമായി, നമ്മുടെ ഓരോരുത്തരുടെയും ജീവിതം ദൈവത്തെക്കുറിച്ചു നാം വിചാരിക്കുന്നതിൽനിന്നു നോക്കുന്നു. "വെടിപ്പുള്ളവരൊടു നീ വെടിപ്പുള്ളവനാകും" ശുദ്ധമുള്ളവനോടു നീ ശുദ്ധമുള്ളവനാകും. വികടനോടു നീ വികടമുള്ളവനായിരിക്കും" "സ്വൎഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവു പൂൎണ്ണനായിരിക്കുന്നപ്രകാരം നിങ്ങളും പൂൎണ്ണന്മാരാകുവിൻ" നാം ദൈവത്തെ വിചാരിക്കുന്നതുപോലെ, അറിഞ്ഞൊ, അറിയാതെയൊ, നാം അപ്രകാരമായി ഭവിക്കുന്നു. ഈ മനുഷ്യനു ദൈവത്തിന്റെ സ്വഭാവത്തെകുറിച്ചു ഒരു തെറ്റായ അഭിപ്രായമാണ തോന്നിയിരുന്നതു. "നീ ഒരു മനുഷ്യനാണെന്നും, വിതെക്കാത്തിടത്തു കൊയ്യുകയും ചിതറിക്കാത്തിടത്തു ശേഖരിക്കയും ചെയ്യുന്ന ഒരു കഠിന മനുഷ്യനാണെന്നറിഞ്ഞു, ഞാൻ ഭയപ്പെട്ടു, പൊയി നിന്റെ താലന്തിനെ ഭൂമിയിൽ കുഴിച്ചുവച്ചു" അവന്റെ അഭിപ്രായത്തിന്നു, അന്യായവും കഠിനതയും പ്രധാന ഗുണങ്ങളായിരിക്കുന്ന ദൈവത്തിനുവേണ്ടി, ഒരുനല്ല മനസ്സോടു കൂടി ഒരു മനുഷ്യനു എങ്ങനെ വേല ചെയ്വാൻ കഴിയുമെന്നായിരുന്നു. തനിക്കു ചെയ്വാൻ ശക്തിയില്ലാത്ത വേലയെ കൊടുത്തിരിക്കുന്ന ആളായി, ദൈവത്തെ അവൻ വകവച്ചു. മനസ്സിലാക്കുന്നതിനു ശക്തിയില്ലാതിരിക്കുന്ന ഒരു മാതൃകയെ തന്റെ മുമ്പിൽ ദൈവം വെച്ചു. എന്നിട്ടും, ആ ദൈവം അവനിൽനിന്നും അതിനെ ആവശ്യപ്പെട്ടുയെന്നു അവൻ വിചാരിച്ചു. എന്നതന്നെയൊ, ഈ ശ്രമത്തെ നിരാശയായി വിട്ടുകളഞ്ഞു. അവനു എന്തു ചെയ്വാൻ കഴിഞ്ഞുവൊ, അതിനെ ചെയ്യുന്നതിനു തൃപ്തിയില്ലാതെ വിട്ടുകളഞ്ഞു. ഒടുവിൽ, അവന്റെ തോൽവിയുടെ കാരണത്തെ ദൈവത്തിന്റെ മേൽ ചുമത്തി. ദൈവത്തിന്റെ ആന്തരത്തെ കുറിച്ചു, ഇപ്രകാരം തെറ്റായ ഒരു അഭിപ്രായം അവനു എങ്ങനെയുണ്ടായി. ജീവിതത്തെകുറിച്ചു തെറ്റായ ഒരഭിപ്രായമുണ്ടായതുകൊണ്ടാകുന്നുവെന്നു, ഞാൻ വിചാരിക്കുന്നു. ജീവിതത്തെക്കുറിച്ചു അവന്റെ വിചാരം, ഉന്നതമായിരിക്കുന്ന ഒന്നായിരിക്കണമെന്നു വിചാരിച്ചതായി കാണപ്പെടുന്നു. അവൻ മറ്റുള്ളവരൊടുപമിച്ചുവേല ചെയ്യണമെന്നൊ, അവരെ ജയിക്കണമെന്നൊ, അല്ലങ്കിൽ അവരോടു സമമായിരിക്കണമെന്നൊ, വിചാരിച്ചതായി കാണുന്നു. അല്ലങ്കിൽ പ്രതിഫലം കിട്ടുകയില്ലന്നു അവൻ തെറ്റായി വിചാരിച്ചു. തന്റെ ശീലത്തെ ക്രമപ്പെടുത്തുന്നതിലുള്ള ഒരു വല്യവില, അതിനുള്ളതായി ഒരുത്തന്റെ ശക്തിയെ, അതിന്റെ ഉച്ചത്തിൽ വരുത്തുന്നതിനായി അവൻ വിചാരിച്ചില്ലാ മറ്റുള്ളവർ എന്തു ചെയ്യുവൊ അതിനെ തനിക്കു ചെയ്വാൻ കഴിയില്ലന്നു, മറ്റുള്ളവർ അവനെ എപ്പൊഴും ജയിച്ചു കടന്നുപോകയും ചെയ്യുന്നതിനെ കണ്ടപ്പൊൾ, ജീവിതത്തെകുറിച്ചുള്ള തന്റെ അഭിപ്രായത്തെ ദൈവത്തിന്റെ ആന്തരത്തോടു അവൻ കൂട്ടിച്ചേൎത്തു. ജയിക്കുന്നതിനു പാടില്ലന്നവൻ കണ്ടപ്പൊൾ കല്ലും മട്ടുമുള്ള ഒരു ജീവിതത്തിലേക്കു അവൻ തിരിഞ്ഞുകളഞ്ഞു.

മറ്റുള്ളവരുടെ മാതൃകയാൽ തങ്ങളുടെ ജീവിതത്തിന്റെ വിലയെ അളക്കുന്ന അനേകൎക്കു ഇപ്രകാരമുള്ള ഒരു തോൽവി ഉണ്ടാകുന്നതു അസാധാരണയല്ല. നമുക്കു ചെയ്വാൻ കഴിയുന്ന ചുരുങ്ങിയ പ്രാൎത്ഥനയെ പറയുന്നതിനു ഇഷ്ടമില്ലാതിരിക്കെ, മറ്റുള്ളവർ പ്രാൎത്ഥനയിൽ കഴിക്കുന്ന ദീൎഘമായ സമയത്തെക്കുറിച്ചു വിചാരിക്കുന്നതിനു മിക്കപ്പൊഴും നാം പരീക്ഷിക്കപ്പെട്ടിട്ടില്ലയൊ? മറ്റുള്ളവൎക്കുവേണ്ടി ഇനിക്കു അത്രമാത്രമെ കൊടുപ്പാനും ചെയ്വാനും കഴികയുള്ളു. മാതൃകയിൽ ഉണ്ടാകുന്നതിനല്ലാതെ അതിൻപ്രകാരം ചെയ്യുന്നതിനു, എന്റെ മനസ്സു അത്ര പാവപ്പെട്ടതും, നിസ്സാരമായതും, ആയിരിക്കുന്നു. ഈ മാതൃകകളിൽ ചിലതു മറ്റുള്ളവരിൽ എത്രമാത്രം നന്മകൾ ചെയ്യപ്പെട്ടിട്ടുണ്ടെന്നു, ഞാൻ ഒത്തുനോക്കുമ്പോൾ, നിരാശയുള്ളവനായും, എന്റെ ഒരു താലന്തിനെ തൂവാലയിൽ പൊതിഞ്ഞു കുഴിച്ചുവയ്ക്കുന്നവനായും തീരുന്നു. ഇങ്ങനെ അല്ലായെന്നതു. മറ്റുള്ളവരിൽ നോക്കീട്ടാ



വശ്യമില്ല. എന്നാൽ നീ നിരാശയിൽ വീണുപോകാം ദൈവത്തിന്റെ നേരെ നോക്കുക. അവൻ നിന്നിൽനിന്നു എന്താഗ്രഹിക്കുന്നുയെന്നു നോക്കുക. അധികം ധാരാളമായി കൊടുക്കപ്പെട്ടവരോടു, അവൻ എന്തു ചോദിക്കുന്നുവൊ, അതിനെ നിന്നോടു ആവശ്യപ്പെട്ടുയെന്നു വിചാരിക്കുന്നതു ജീവിതത്തെക്കുറിച്ചും, ദൈവത്തെക്കുറിച്ചുമുള്ള ഒരു തെറ്റായ അഭിപ്രായമാകുന്നു. ഇപ്രകാരമുള്ള ഒരഭിപ്രായത്തുമേൽ, തന്റെ ജീവിതത്തെ രൂപപ്പെടുത്തിയവന്നു, തന്റെ ആത്മാവിനെ നഷ്ടപ്പെടുത്തുവാൻ ഇടയായി. നാം ഓരോരുത്തരും തനിച്ചു ദൈവത്തിനു കണക്കുകൊടുക്കേണ്ടവരാണ. നമുക്കു ദൈവം തന്നിട്ടുള്ള ദാനങ്ങൾ വളരെ ആയിരുന്നാലും, കുറച്ചുമാത്രമായിരുന്നാലും, നമ്മുടെ ശക്തിക്കൊത്തവണ്ണം, അവയെ പ്രയോഗിപ്പിക്കുന്നതിനുള്ള ചുമതലയെക്കുറിച്ചു തിരിച്ചറിയുന്നതാകുന്നു നമ്മുടെ ഒരു വലിയ ആവശ്യം. അവൻ നമ്മോടു കണക്കു ചോദിക്കുമ്പോൾ പലിശയോടുകൂടി കൊടുക്കേണ്ടി വരുന്ന അവന്റെ സ്വന്തമായി, നാം ദാനങ്ങളെ വിചാരിക്കേണ്ടവരാകുന്നു.

പ്രിയ വായനക്കാരാ, നിനക്കു കിട്ടീട്ടുള്ള താലന്തുകളെകൊണ്ടു നീ എങ്ങിനെ വ്യാപാരം ചെയ്യുന്നുയെന്നു നോക്കുക, ഇല്ലെങ്കിൽ ഉടനെ വ്യാപാരം ചെയ്ക. നിന്റെ വിളക്കിനെ ഒരു പറയിൻകീഴിലൊ അതൊ ഒരു കട്ടിലിൻകീഴിലൊ ആണൊ വച്ചിരിക്കുന്നതു. അകത്തുള്ളവൎക്കും, പുറത്തുള്ളവൎക്കും, പ്രയോജനം വരത്തക്കവണ്ണം നിന്റെ വെളിച്ചത്തെ ഒരു പ്രധാനസ്ഥലത്താണൊ വച്ചിരിക്കുന്നതു? നിന്റെ വെളിച്ചം ഒരു മിന്നാമിനുങ്ങിയുടേതായിരിക്കാം. എന്നാൽ അതു മതി, നിന്റെ ചുറ്റുമുള്ള അന്ധകാരത്തെ മാത്രം മാറ്റിയാൽ മതിയാകും. നിന്നോടു ഒരു നക്ഷത്രത്തിന്റെയൊ ചന്ദ്രന്റെയൊ സൂൎയ്യന്റെയൊ പ്രകാശമാവശ്യപ്പെടുന്നില്ല. സഹോദരാ നീ അധികമുള്ളവനാണെങ്കിൽ നിന്നോടു അധികം ചോദിക്കപ്പെടുന്നതാണ. അതിനാൽ നിനക്കു എത്ര താലന്തുകൾ കിട്ടിയിരിക്കുന്നുയെന്നു നോക്കി, നിന്റെ ശക്തിക്കൊത്തവണ്ണം പ്രവൃത്തിക്കാ. മറ്റുള്ളവർ ചെയ്യുന്നതു നോക്കീട്ടു ആവശ്യമില്ല. വെളിച്ചമുള്ളപ്പോൾ വേല ചെയ്ക, രാത്രി വരുന്നു അപ്പോൾ ആൎക്കും വേല ചെയ്വാൻ പാടില്ല.

---

## വിശുദ്ധ കുൎബ്ബാന.

### പതിനേഴാമദ്ധ്യായം.

മിശിഹായെ കൈക്കൊൾവാനുള്ളതായ ആഗ്രഹവും ജ്വലിക്കുന്ന പക്ഷവും.

(ഭക്തന്റെ വചനം.)

കൎത്താവെ! വിശുദ്ധ ജീവിതം മൂലം നിനക്കു അത്യന്തം ഇഷ്ടന്മാരായിരുന്ന അനേകം പരിശുദ്ധന്മാരും ഭക്തന്മാരും കുൎബ്ബാനയിൽ നിന്നെ കൈക്കൊൾവാൻ ആഗ്രഹിച്ചതുപോലെ തന്നെ ഞാനും അത്യന്തഭക്തിയോടും ജ്വലിക്കുന്ന സ്നേഹത്തോടും ഹൃദയപൂൎണ്ണമായ പക്ഷത്തോടും താല്പൎയ്യത്തോടും കൂടെ നിന്നെ കൈക്കൊൾവാൻ ആഗ്രഹിക്കുന്നു.

എന്റെ നിത്യ സ്നേഹവും, സൎവ്വനന്മയും സീമാതീതഭാഗ്യവുമായ എന്റെ ദൈവമെ! പരിശുദ്ധന്മാരിൽ ആൎക്കെങ്കിലും എപ്പൊഴെങ്കിലും ഉണ്ടായിട്ടുള്ളതും ഉണ്ടാകുവാൻ കഴിവുള്ളതുമായ ഏറ്റവും വലിയ ആഗ്രഹത്തോടും ഉചിതമായ വണക്കത്തോടും കൂടെ നിന്നെ കൈക്കൊള്ളുവാൻ ഞാൻ ആഗ്രഹിക്കുന്നു.

൨. അത്രത്തോളമുള്ള ഭക്തിവിചാരം ഉണ്ടാകുന്നതിനു ഞാൻ അയോഗ്യനെങ്കിലും അത്യന്തം പ്രീതികരമായ ഉജ്വലിക്കുന്ന ഈ ആഗ്രഹങ്ങളെല്ലാം ഇതരസാധാരണമായിരുന്നാൽ എതുപ്രകാരമൊ അപ്രകാരം എന്റെ ഹൃദയത്തിന്റെ പക്ഷം പൂൎണ്ണമായി ഞാൻ നിനക്കു സമൎപ്പിക്കുന്നു.

അത്രയുമല്ല ഒരു ഭക്തമനസ്സിൽ അങ്കുരിക്കയും ആഗ്രഹം തോന്നുകയും ചെയ്യു

ന്നതെല്ലാം അത്യന്തവണക്കത്തോടും അഭ്യന്തരമായ പക്ഷത്തോടുംകൂടെ ഞാൻ നിനക്കു കാഴ്ചയായി സമൎപ്പിക്കുന്നു.

ഇനിക്കായി യാതൊന്നും കരുതിവെച്ചുകൊൾവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എന്നെയും ഇനിക്കുള്ള സകലത്തേയും പൂൎണ്ണമനസ്സോടും സന്തോഷത്തോടും കൂടെ നിനക്കു ബലിപൂജയായി സമൎപ്പിക്കാനത്രെ ഞാൻ ആഗ്രഹിക്കുന്നതു.

എന്റെ ദൈവവും എന്റെ സ്രഷ്ടാവും എന്റെ രക്ഷിതാവുമായ കൎത്താവെ! നിന്റെ നിൎമ്മല മാതാവായ കന്യക മറിയാമിനോടു ദൈവദൂതൻ മനുഷ്യാവതാര രഹസ്യം അറിയിച്ച അവസരത്തിൽ "ഇതാ കൎത്താവിന്റെ ദാസി, നിന്റെ വചനപ്രകാരം ഇനിക്കു ഭവിക്കട്ടെ" എന്നു അവൾ പറഞ്ഞസമയം എത്ര പക്ഷത്തോടും വണക്കത്തോടും സ്തുതിയോടും ബഹുമാനത്തോടും കൂടെയും. എത്ര നന്ദിയോടും യോഗ്യതയോടും സ്നേഹത്തോടും കൂടെയും എത്ര വിശ്വാസത്തോടും പ്രത്യാശയോടും പരിശുദ്ധിയോടും കൂടെയും ആ മാതാവു തന്നെ ആഗ്രഹിക്കയും കൈക്കൊള്ളുകയും ചെയ്തുവൊ അതുപോലെ ഇന്നു നിന്നെ കൈക്കൊള്ളുവാൻ ഞാനും ആഗ്രഹിക്കുന്നു.

൩. പരിശുദ്ധന്മാരിൽവെച്ചു അത്യുത്തമനായ നിന്റെ മുന്നോടി യോഹന്നാൻമാംദാനാ തന്റെ അമ്മയുടെ ഗൎഭത്തിൽ ഇരിക്കുമ്പോൾതന്നെ പരിശുദ്ധാത്മാവുമൂലം സന്തോഷംകൊണ്ടു തുള്ളുകയും പിന്നീടു പുരുഷാരമദ്ധ്യെ യേശുവിനെ കണ്ടിട്ടു വളരെ വിനയം പൂണ്ടു "മണവാളന്റെ സ്നേഹിതൻ നിന്നു, അവനെ കേട്ടുകൊണ്ടു മണവാളന്റെ ശബ്ദം നിമിത്തം സന്തോഷിച്ചു ആനന്ദിക്കുന്നു" എന്നു ഭക്തിപൂൎവ്വമായ പക്ഷത്തോടു കൂടി പറകയും ചെയ്തതുപോലെ ഞാനും വലിയതും പരിശുദ്ധവുമായ ആഗ്രഹങ്ങളാൽ ഉജ്വലിക്കയും പൂൎണ്ണഹൃദയത്തോടു കൂടെ എന്നെ മുഴുവനും നിനക്കു സമൎപ്പിക്കയും ചെയ്വാൻ താല്പൎയ്യപ്പെടുന്നു.

ആകയാൽ സകല ഭക്തഹൃദയന്മാരുടെയും അമിതാനന്ദങ്ങളെയും അവരുടെ അതിപക്ഷങ്ങളെയും ആനന്ദപാരവശ്യങ്ങളെയും സ്വൎഗ്ഗീയ ദൎശനങ്ങളെയും, ആകാശത്തിലും ഭൂമിയിലുമുള്ള സകല സൃഷ്ടികളാലും കീൎത്തിക്കപ്പെടുന്നതും കീൎത്തിക്കപ്പെടാനിരിക്കുന്നതുമായ സകല പുണ്യങ്ങളോടും സ്തുതികളോടും കൂടെ ചേൎത്തു, എന്നന്നേക്കും നിന്നെ സകലരും സ്തുതിക്കയും യോഗ്യമാകുംവണ്ണം മഹത്വപ്പെടുത്തുകയും ചെയ്വാനായി, ഇനിക്കുവേണ്ടിയും ഞാൻ തങ്ങൾക്കു വേണ്ടി പ്രാൎത്ഥിക്കണമെന്നാവശ്യപ്പെട്ടിട്ടുള്ള സകലൎക്കുംവേണ്ടിയും, ഞാൻ നിനക്കു കാഴ്ചയായി സമൎപ്പിക്കുന്നു.

൪. എന്റെ ദൈവമായ കൎത്താവെ! അവൎണ്ണനീയമായ നിന്റെ മാഹാത്മ്യം ന്യായമായി നിനക്കു ചൊല്ലേണ്ടവയായ നിത്യസ്തുതിയും മഹത്വവും നിനക്കു നൽകണമെന്നുള്ള എന്റെ ആശയേയും ആഗ്രഹങ്ങളെയും സ്വീകരിക്കണമെ.

ഇവയെല്ലാം ദിനംപ്രതി നാഴികതോറും നിനക്കു സമൎപ്പിക്കയും സമൎപ്പിക്കാൻ ആഗ്രഹിക്കയും ചെയ്യുന്നതു കൂടാതെ എന്നോടു ചേൎന്നു നിനക്കു സ്തുതികളും സ്തോത്രങ്ങളും ചെയ്വാനായി, യാചനയോടും പക്ഷത്തോടുംകൂടെ, സ്വൎഗ്ഗീയമാലാഖമാരെയും സകല വിശ്വാസികളെയും ഞാൻ ക്ഷണിച്ചുകൊള്ളുന്നു.

൫. സകല ജനങ്ങളും ഗോത്രങ്ങളും നാവുകളും അത്യാനന്ദത്തോടും ഭക്തിയോടുംകൂടെ, പരിശുദ്ധവും ഇമ്പകരവുമായ നിന്റെ തിരുനാമത്തെ പുകഴ്ത്തുമാറാകട്ടെ.

വണക്കത്തോടും ഭക്തിയോടുംകൂടെ വിശുദ്ധ കുൎബ്ബാന അനുഷ്ഠിക്കയും പൂൎണ്ണവിശ്വാസത്തോടു കൂടി അതിനെ കൈക്കൊള്ളുകയും ചെയ്യുന്നവരെല്ലാവരും നിങ്കൽനിന്നു കൃപയും കരുണയും പ്രാപിക്കയും പാപിയായ ഇനിക്കുവേണ്ടി വിനയത്തോടുകൂടെ പ്രാൎത്ഥിക്കയും ചെയ്യട്ടെ.

അവർ ആഗ്രഹിച്ച ഭക്തിയും ദൈവത്തോടുള്ള സന്തോഷകരമായ സംയോജിപ്പും അവൎക്കു ലഭിച്ചതിന്റെ ശേഷം ഈ ദൈവീകമായ വിശുദ്ധ മേശയിൽനിന്നു നല്ല ആശ്വാസത്തോടും ആശ്ചൎയ്യകരമായ സംതൃപ്തിയോടുംകൂടെ പിൻമാറുമ്പോൾ ദയനീയനായ എന്നെയുംകൂടെ ഓൎക്കുമാറാകട്ടെ.

---

# സുറിയാനി സുവിശേഷകൻ

[illegible]
[illegible]

പുസ്തകം ൩ ൧൦൮൯ ധനു ലക്കം ൬

## മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ ശ്രാദ്ധദിവസം പരുമലെവെച്ചു സ്മാരക സുവിശേഷസംഘം സിക്രട്ടറി പുത്തൻവീട്ടിൽ യാക്കോബു കത്തനാർ ചെയ്ത പ്രസംഗം.

ഇന്നിവിടെ പ്രസംഗിപ്പാൻ നിശ്ചയിച്ചിരിക്കുന്ന വിഷയം മേലധികാരം, കീഴ്വഴക്കം, എന്നവയെ സംബന്ധിച്ചാകുന്നു. ഇതിനെ രണ്ടായി വിഭജിച്ചു, ഒന്നാമതു്. അധികാരത്തെക്കുറിച്ചും രണ്ടാമതു, അനുസരണത്തെക്കുറിച്ചും പറയണമെന്നു വിചാരിക്കുന്നു.

ഒന്നാമതായി നാം വിശ്വസിക്കുന്നതു. സാരാംശത്തിൽ സമത്വമുള്ള ത്രിയേക ദൈവത്തിൽ തന്നെ ഇതു് വെളിവാകുന്നുണ്ടു്.

വിശുദ്ധ ത്രിത്വത്തിൽ രണ്ടാമനായ പുത്രൻ. നമ്മുടെ (രക്ഷിതാവായ മ്ശിഹാതമ്പുരാൻ തന്നെ) പിതാവിനാൽ അയക്കപ്പെട്ടവൻ എന്നും, പിതാവിന്റെ ഇഷ്ടംമാത്രം നിവൃത്തിച്ചവൻ എന്നു, ഗത്സീമനിലെ പ്രാൎത്ഥനയിലുതന്നെയും പിതാവെ! കഴിയുമെങ്കിൽ ഈ കാസാ കടന്നുപോകണം. എന്റെ ഇഷ്ടമല്ലാ നിന്റെ ഇഷ്ടംതന്നെ ആകട്ടെ എന്നു പ്രാൎത്ഥിച്ചവനെന്നും വിശുദ്ധമത്തായി ശ്ലീഹായുടെ സുവിശേഷം ൨൬. അ: ൩൯-ാം വാക്യത്തിൽ കാണുന്നതിനാൽ വിശുദ്ധ ത്രിത്വത്തിൽതന്നെ അധികാരവും അനുസരണവും ഉണ്ടെന്നു കാണുന്നു.

൨. ഇനിയും തന്റെ സൃഷ്ടികളെ പരിശോധിച്ചാൽ നിത്യപരിപാലകനും സൎവ്വശക്തനുമായ ദൈവം ആകാശമണ്ഡലത്തിൽ സ്ഥിതി ചെയ്യുന്നതായ സൂൎയ്യചന്ദ്രനക്ഷത്രാദികളെ പ്ര

ത്യേക നിയമപ്രകാരം] സ്ഥാപിച്ചിരിക്കുന്നുവെന്നും അവകളുടെ സൃഷ്ടാവായ ദൈവത്തിന്റെ അതനുസരിച്ചു കൃത്യനിഷ്ഠയായി പ്രവൃത്തിക്കുന്നതിനാൽ രാവു, പകൽ, ദിവസങ്ങൾ, മാസങ്ങൾ, സംവത്സരങ്ങൾ, കറുത്തവാവു, വെളുത്തവാവ്, ഗ്രഹണങ്ങൾ മുതലായവ നമുക്കു എങ്ങിനെ പ്രസിദ്ധമായിരിക്കുന്നുവെന്നുമുള്ളതു അവയും മേലധികാരത്തിന്നു കീഴ്പ്പെട്ടിരിക്കുന്നുവെന്നു കാണിക്കുന്നതു മാത്രമല്ലാ, ആകാശങ്ങൾ ദൈവമഹത്വത്തെ അറിയിക്കുന്നു, ആകാശത്തട്ട് അവന്റെ കൈവേലയെ കാണിക്കുന്നു. പകൽ മറ്റുപകലിന്നു വാക്കിനെ ഉച്ചരിക്കുന്നു. രാത്രി മറ്റുരാത്രിക്കു അറിവിനെ അറിയിക്കുന്നുവെന്നിത്യാദി. ൧൯-ാം സങ്കീർത്തനം ൧. മുതൽ വാക്യങ്ങളിൽ ദീർഘദർശിയായ ദാവീദും പറയുന്നു.

൨-ാമതായി ലൗകിക വിഷയങ്ങളിൽ നോക്കിയാൽ ലോകത്തിൽ നീതി നടക്കുന്നതിന്നു നിയമങ്ങളും, നിയമങ്ങൾ നടത്തുന്നതിന്നു മേലധികാരികളും അത്യന്താപേക്ഷിതമെന്നുള്ളതു ബുദ്ധിവികാസമുള്ള ആരും തന്നെ വിസമ്മതിക്കുമെന്നു തോന്നുന്നില്ലാ. ഒരു രാജ്യമായാൽ രാജാവും നിയമങ്ങളും അധികാരികളുമില്ലെങ്കിൽ പ്രജകളുടെ സ്ഥിതി എന്തായിരിക്കുമെന്നു ചിന്തിച്ചു തന്നെ അറിയേണ്ടതാണ്. അതിനാൽ നമ്മുടെ രാജ്യത്തു തന്നെയും സിവിൽ നിയമം നടത്തിപ്പിന്നു മുൻസിഫ് കോർട്ടു മുതൽ ഹൈക്കോടതി വരെയും ക്രിമിനൽ നിയമം നടത്തിപ്പിന്നു സ്റ്റേഷൻ മുതൽ ഹജൂർകച്ചേരി വരെയും ഇങ്ങിനെ പബ്ലിക് മരാമത്തു ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റു മുതലായ എല്ലാ തുറകളിലും മേലധികാരികളും തത്സംബന്ധ പ്രവൃത്തികളും ഉള്ളതിനാൽ നാം കീഴ്പ്പെടാതെ നിവൃത്തിയില്ലെന്നുള്ളതും ആരും ഐക്യകണ്ഠ്യേന സമ്മതിക്കുമെന്നുള്ളതു മാത്രമല്ലാ, ഏതു ദേഹിയും ശ്രേഷ്ഠാധികാരികൾക്കു കീഴടങ്ങട്ടെ, എന്തെന്നാൽ ദൈവത്താലല്ലാതെ ഒരധികാരവുമില്ലാ. ഉള്ള അധികാരം ദൈവത്താൽ നിയമിക്കപ്പെട്ടതാകുന്നുവെന്നു റോമാലേഖനം ൧൩. അ: ൧-ാം വാക്യത്തിലും കാണുന്നു.

൩-ാമതായി ന്യായപ്രമാണകാലത്തെക്കുറിച്ചു നോക്കിയാൽ മോശയുടെ പ്രത്യക്ഷമായ ദൈവം അവനെ ഇസ്രായേൽജനത്തിന് ഒരു മേലധികാരിയും നടത്തിപ്പുകാരനും ആയി നിയമിച്ചുവെന്നു കാണുന്നു. അതായതു (നിന്നെ അധികാരിയും ന്യായകർത്താവും ആക്കിയതു ആരെന്നു അവർ തള്ളിപ്പറഞ്ഞ ഈ മോശയെ തന്നെ ദൈവം മുൾപ്പടർപ്പിൽ കാണപ്പെട്ട ദൂതന്റെ കയ്യാൽ അധികാരിയും വീണ്ടെടുപ്പുകാരനും ആക്കി അയച്ചുവെന്നു നടപ്പ് ൭. ൩൫.ൽ പറയുന്നു. ഇങ്ങിനെ ന്യായപ്രമാണകാലം മുഴുവൻ മേലധികാരികളാൽ നടത്തപ്പെട്ടുവെന്നു ന്യായപ്രമാണത്തിൽ മേലധികാരത്തെക്കുറിച്ചു ഒരു പ്രത്യേക കല്പനയും കാണുന്നു. അതായതു. ദൈവികമായ



സ്ഥാനാപത്യവും മേലധികാരവും പ്രാപിച്ചിരിക്കുന്നവർ നിന്നോടു പറയുന്നപ്രകാരം ചെയ്യണമെന്ന് ആവർത്തനപുസ്തകം ൧൭. അ: ൯-൧൦ വാക്യങ്ങളിൽ പറയുന്നു. നമ്മുടെ കർത്താവും ഈ മേലധികാരത്തെ ബലപ്പെടുത്തി. അപ്പോസ്തോലന്മാരോടും പുരുഷാരത്തോടു; പറയുമ്പോൾ ഉപാദ്ധ്യായന്മാരും പരീശന്മാരും മോശയുടെ സിംഹാസനത്തിന്മേൽ [illegible] അധികാരത്തിൽ ഇരിക്കുന്നതുകൊണ്ട് അവർ നിങ്ങളോടു ചെയ്വാൻ പറയുന്നതിനെ ഒക്കെയും ചെയ്വിൻ അവരുടെ പ്രവൃത്തികളെ നോക്കേണ്ടായെന്നു വി: മത്തായിയുടെ സുവിശേഷം ൨൩-ാം അ: ൨-ാം വാക്യത്തിലും കാണുന്നു.

ത്രിത്വത്തിൽ സമനായ പുത്രൻ തന്നെയും പിതാവിന്റെ മേലധികാരത്തെക്കുറിച്ചു പറയുന്നതിൽ തനിക്കു പിതാവിൽനിന്നു കൊടുക്കപ്പെട്ടതാണെന്നു കല്പിക്കുന്നു. അതായതു പിതാവിന്നു തങ്കൽ തന്നെ ജീവനുള്ളപ്രകാരം പുത്രനും തങ്കൽ തന്നെ ജീവനുണ്ടാകുവാൻ നല്കുകയും മനുഷ്യന്റെ പുത്രനാകയാൽ ന്യായവിധിയും കൂടെ ചെയ്വാൻ അധികാരം കൊടുക്കയും ചെയ്തുവെന്നു (യോഹ. ൫. അ: ൨൭-ാം വാക്യത്തിൽ നല്ലപോലെ സൂചിപ്പിക്കുന്നു. ഈ അധികാരത്തെ തന്നെ കാണിച്ചു ഭൂമിയിൽ പാപങ്ങളെ മോചിപ്പാൻ മനുഷ്യന്റെ പുത്രന്നധികാരം ഉണ്ടെന്നു നിങ്ങൾ അറിവാൻ അവൻ പക്ഷവാതക്കാരനോടു പറയുന്നുവെന്നു മർക്കോ. ൨. അ: ൧൦-ാം വാക്യത്തിലും പറയുന്നു. ഈ അധികാരം തന്നെ മ്ശിഹാതമ്പുരാൻ അപ്പോസ്തോലന്മാർക്കു കൊടുത്തതായി പറയുന്നു. അതായതു പിതാവെ! നീ എന്നെ അയച്ച പ്രകാരം ഞാനും ഇവരെ അയക്കുന്നുവെന്നു വി: യോഹന്നാന്റെ സുവിശേഷം ൨൦. ൨൧. ലും അവരിൽ ഊതി നിങ്ങൾ പരിശുദ്ധാത്മാവിനെ കൈക്കൊൾവിൻ എന്നു, നിങ്ങൾ ആരുടെ പാപം മോചിക്കുന്നുവോ അതു മോചിക്കപ്പെട്ടതായും ആരുടെ നിർത്തുന്നുവോ അതു നിർത്തിയതായും ഇരിക്കുമെന്നു അവർക്കു അധികാരം കൊടുത്തതായി വി: യോഹ. ൨൦-ാം അദ്ധ്യായം ൨൩-ാം വാക്യത്തിലും കാണുന്നു. ഇതിനെ തന്നെ വിശുദ്ധ പൌലോസ് പറയുമ്പോൾ ഞങ്ങൾ ക്രിസ്തുവിന്റെ പകരം സ്ഥാനാപതികൾ ആകുന്നുവെന്നു ൨. കോരി. ൫. അ: ൨൦-ാം വാക്യത്തിൽ മ്ശിഹാതമ്പുരാൻ തന്റെ അപ്പോസ്തോലന്മാരെ ആ സ്ഥാനത്തേക്ക് ആക്കിയതായും കാണുന്നു. അവർക്കു കിട്ടിയ അധികാരപ്രകാരം അവർ ബർന്നബാസിനെയും, ശൌലിനെയും കൈവച്ചു അധികാരപ്പെടുത്തി അയക്കുന്നതായി നടപ്പു. ൧൩-ാം അ: ൩-ാം വാക്യത്തിലും ഇങ്ങനെ ചെയ്വാൻ അവർ [illegible]ിച്ചതു പരിശുദ്ധാത്മാവ് അവരോടു പറഞ്ഞതുകൊണ്ടായിരുന്നുവെന്നു ൨-ാം വാക്യത്തിലും കാണുന്നു.

ഇങ്ങനെ അവർ ൭. ശെമ്മാശന്മാരെ വിശ്വാസവും പരിശുദ്ധാത്മാവും നിറഞ്ഞവരായ ൭. പേരെ തന്നെ കൈവച്ചു അധികാരപ്പെടുത്തി അയച്ചതായി നടപ്പ് ൬. അ: ൫. ൬. വാക്യങ്ങളിലും കാണുന്നു.

അപ്പോസ്തോലന്മാരാൽ അയക്കപ്പെട്ടവരായ ബർന്നബാസും പൌലൂസും സഭകൾതോറും കശീശന്മാരെ അധികാരപ്പെടുത്തി നിയമിക്കുന്നതായി നടപ്പ് ൧൪. ൨൩.ലും കാണുന്നു.

വിശുദ്ധ പൌലോസുതന്നെ പറയുമ്പോൾ ഞങ്ങൾക്കു തന്ന അധികാരത്തെക്കുറിച്ചു പ്രശംസിച്ചാലും ലജ്ജിക്കയില്ലെന്നു ൨. കോറിന്തി ൧൦. അ: ൮.ാം വാക്യത്തിലും ഞാൻ വന്നാൽ എനിക്കു തന്ന അധികാരത്തിന്നതക്കവണ്ണം പ്രയോഗിക്കാതെയിരിപ്പാൻ ഇവയെ എഴുതുന്നുയെന്ന് പറയുന്നതിനാൽ അവർ മേലധികാരത്തിൽനിന്നു അധികാരം സിദ്ധിച്ചവരെന്നും മേലധികാരം സർവ്വപ്രധാനമായതെന്നും കാണിക്കുന്നു.

എനിക്കു കിട്ടീട്ടുള്ള അധികാരപ്രകാരം സഭയിലുള്ളവരെ വിധിപ്പാനധികാരമുണ്ടെന്നു ൧ കോറി ൫. ൧൨ ലും ഈ അധികാരമനുസരിച്ചു ജാതികളിൽപോലുമില്ലാത്ത ഒരു നികൃഷ്ടവ്യഭിചാരക്കാരനെ കർത്താവായ യേശുക്രിസ്തുവിന്റെ ശക്തിയാൽ വിധിച്ചു സാത്താനു ഏല്പിച്ചതായി ൧ കോറി ൫. ൫ ലും അവനെ തിരികെ ചേർപ്പാൻ അനുവദിച്ചതായി ൨ കോറി ൨. ൬ മുതൽ വാക്യങ്ങളിലും കാണുന്നു. ഇങ്ങനെ ക്രിസ്തുസഭയിൽ മേലധികാരം സർവ്വോത്കൃഷ്ടമായതെന്നു തെളിയുന്നു.

ഇനിയും ഇതു സിദ്ധിക്കുന്നതായ മാർഗ്ഗം കൂടെ പറഞ്ഞതിന്മേൽ ൨.ാം ഭാഗത്തിലേക്കു പ്രവേശിക്കാം.

വിശുദ്ധ ത്രിത്വത്തിൽ തന്നെയും അധികാരം പിതാവിൽനിന്നും പ്രാപിച്ചതല്ലാതെ, താനെ ഉള്ളതായി കാണുന്നില്ല. അതായതു കാലതികവു വന്നപ്പോൾ ദൈവം തന്റെ പുത്രനെ സ്ത്രീയിൽനിന്നു ജനിച്ചവനായി ന്യായപ്രമാണത്തിൻ കീഴു ജനിച്ചവനായി നിയോഗിച്ചയച്ചുയെന്നു ഗലാത്തി ലേഖനം ൪.ാം അ: ൪.ാം വാക്യത്തിൽ പറയുന്നതിനാൽ പുത്രൻതന്നെയും പിതാവിൽനിന്നു പുറപ്പെടുന്നവനായും തന്റെ അധികാരം പിതാവിൽ സിദ്ധിച്ചതല്ലാതെ താനെ ഉള്ളതായും കാണുന്നില്ല. പിതാവു ചെയ്യുകാണുന്നതല്ലാതെ പുത്രനു സ്വതെ ഒന്നും ചെയ്വാൻ കഴികയില്ലെന്നു ശു: യോഹ: ൫, ൧൯.ൽ കാണുന്നു.

പഴയനിയമകാലത്തു മോശയെ അധികാരി ആക്കിയ ദൈവം പിന്നെ അവൻ മുഖാന്തിരമല്ലാതെ ജനത്തോടു സംസാരിക്കയൊ ആവശ്യപ്പെട്ടവ നല്കുകയൊ ചെയ്യുതായി കാണുന്നില്ല. അതായതു മേഘത്തൂണു കൂടാരവാതുക്കൽ ഇറങ്ങി നില്ക്കുമ്പോൾ യഹോ



വാ ഒരുത്തൻ തന്റെ സ്നേഹിതനോടു സംസാരിക്കുന്ന പ്രകാരം മോശയോടു സംസാരിച്ചു എന്നും അത്രെ പുറ: ൩൩. ൧൧ മുതൽ വാക്യങ്ങളിൽ കാണുന്നതു. പിന്നെ യോശുവായും ഇങ്ങനെ ദൈവത്താൽ നിശ്ചയിക്കപ്പെട്ടവർ മൂലമല്ലാതെ ജനങ്ങൾ നേരിട്ടു സംസാരിക്കയൊ ദൈവം പ്രവൃത്തിക്കയൊ ചെയ്യുതായി കാണുന്നില്ല. ഇങ്ങനെ ദൈവം ക്രിസ്തുമൂലം ലോകത്തെ ദൈവത്തോടു നിരപ്പിക്കയും ഈ നിരപ്പിന്റെ ശുശ്രൂഷയെ ഞങ്ങൾക്കു തരികയും ചെയ്യുമെന്നു ൨ കോറി: ൫, ൧൮.ൽ പറയുന്നതിനാൽ ഇതു ഇവക്കു (അപ്പോസ്തോലന്മാൎക്ക്) കൊടുക്കപ്പെട്ടതല്ലാതെ താനെ ഉണ്ടായതാണെന്നു കാണുന്നില്ല. ബർന്നബാസിനും പൌലൂസിനും അപ്പോസ്തോലന്മാരിൽ നിന്നു കിട്ടിയതല്ലാതെ താനെ ഒരധികാരവും അവക്കു ഉണ്ടായിട്ടില്ല.

ഞാൻ വന്നാൽ എനിക്കു കിട്ടിയ അധികാരത്തിന്നതക്കവണ്ണം എന്നു ൨ കോറ: ൧൩. ൧൦.ലും, ഞങ്ങൾക്കു കിട്ടീട്ടുള്ള അധികാരപ്രകാരം എന്നു ൨ കോറ: ൫, ൧൮.ലും പറയുന്നു.

സ്തെപ്പാനോസു മുതലായ ശെമ്മാശന്മാർ പരിശുദ്ധാത്മാവു നിറഞ്ഞവരായിരുന്നിട്ടും അപ്പോസ്തോലന്മാരിൽ നിന്നു കൈവെപ്പുമൂലം അധികാരം പ്രാപിച്ചുയെന്നല്ലാതെ തമ്മിൽ തമ്മിൽ കൈവെച്ചു അധികാരം പ്രാപിക്കുന്നതായട്ടൊ താനെ കിട്ടിയതായിട്ടൊ കാണുന്നില്ല.

അവക്കു സിദ്ധിച്ച അധികാരമനുസരിച്ചു വിശുദ്ധ പൌലൂസും സഭകൾതോറും കശീശന്മാരെ ആക്കിയെന്നല്ലാതെ സ്വന്ത പ്രാർത്ഥനയുടെ ശക്തികൊണ്ടൊ പരിശുദ്ധാത്മാവുകൊണ്ടൊ ആക്കും താനെ കിട്ടിയതായി നട: ൧൪, ൨൩.ലും കാണുന്നില്ല.

വിശുദ്ധ പൌലൂസു ഒരുത്തനെ വിധിച്ചു സഭയിൽ നിന്നു പുറത്താക്കിയാറെ താൻതന്നെ തിരികെ സ്വീകരിച്ചതല്ലാതെ മറ്റാക്കും ഒരധികാരം ഉണ്ടായിരുന്നതായി ൧ കോറ. ൫, ൪.ലും ൨ കോറ. ൨, ൬.ലും കാണുന്നില്ല.

ശെമ്മാശന്മാരിൽ ഒരുവനായ പീലിപ്പോസു മുഖാന്തിരം ശമറിയായിൽ അടയാളങ്ങൾ പ്രവൃത്തിക്കയും പിശാചുക്കൾ ബാധിച്ചവരിൽ നിന്നു മഹാ ശബ്ദത്തോടു നിലവിളിച്ചു പുറപ്പെട്ടുപോകയും, അനേകം പക്ഷവാതക്കാരും മുടന്തരും സൌഖ്യം പ്രാപിക്കയും അവർ ജ്ഞാനസ്നാനപ്പെടുകയും മഹത്തിയെന്ന ദൈവശക്തി ഞാനാകുന്നുയെന്നു പറഞ്ഞു ശമറിയായെ ഭ്രമിപ്പിച്ചവനായ ശീമോനും ജ്ഞാനസ്നാനപ്പെടുകയും മറ്റും ചെയ്തിട്ടും പീലിപ്പോസു തന്റെ അധികാരം കവിഞ്ഞ് കൈവെക്കയൊ, പരിശുദ്ധാത്മാവിറങ്ങുവാൻ പ്രാർത്ഥിക്കയൊ ചെയ്യാതെ മേലധികാരികളായ അപ്പോസ്തോലന്മാർ വന്നു കൈവെക്കുന്നതുവരെയും ക്ഷമിച്ചിരിക്കയും

ചെയ്യുന്നതിനാൽ ശെമ്മാശനായ പീലിപ്പോസു മേലധികാരത്തെ എത്രമാത്രം വിലമതിച്ചും ഭയപ്പെട്ടുമിരുന്നുയെന്നു നട: ൮, അ. ൧൪—൧൭ വരെ വാക്യങ്ങളിൽ കാണുന്നു.

ശെമ്മാശനായ പീലിപ്പോസു മുഖാന്തിരം ശമറിയായിൽ അത്ഭുതങ്ങൾ നടന്നുയെങ്കിലും, ജ്ഞാനസ്നാനപ്പെടുത്തിയെങ്കിലും മേലധികാരത്തിന്റെ സാരമായ ഭാഗം കൈവെപ്പാണെന്നും ആ അധികാരം ശെമ്മാശനായ പീലിപ്പോസിനു ഇല്ലെന്നും ബുദ്ധിമാനായ ശിമോൻ കണ്ടു പണം ഹാജരാക്കി താൻ ആരുടെമേൽ കൈ വെക്കുമൊ അവനു പരിശുദ്ധാത്മാവു കിട്ടുവാനായി ആ അധികാരം എനിക്കും തരണമെന്നു അപേക്ഷിച്ചതായി നട: ൮, അ. ൧൮-ം ൧൯-ം വാക്യങ്ങളിൽ കാണുന്നതിനാൽ മേലധികാരത്തിൽനിന്നുമുള്ള കൈവെപ്പു സർവ്വപ്രധാനമെന്നു കാഴ്ചക്കാർ പോലും ധരിച്ചതായി കാണുന്നു.

രാജ്യഭരണസമ്പ്രദായത്തെക്കുറിച്ചു നോക്കിയാലും രാജാവിന്റെ നീട്ടോ, മേലധികാരിയുടെ ഉത്തരവോ കൂടാതെ ആരും ഉദ്യോഗസ്ഥന്മാരാകുന്നില്ല. ആ പ്രകാരംതന്നെ ദൈവീക മേലധികാരങ്ങളും അപ്പോസ്തോലികമായ കൈവെപ്പുംമേലധികാരത്തിൽനിന്നും സിദ്ധിക്കുന്നതായ അധികാരവും കൂടാതെ ഉണ്ടാകുന്നതല്ലെന്നു വിശുദ്ധ പൌലൂസ് വ്യക്തമായി പറയുന്നു. അതായതു അഹറോൻ എന്നപോലെ ദൈവത്താൽ വിളിക്കപ്പെടുന്നവനല്ലാതെ ആരും ബഹുമാനത്തെ തനിക്കായിതന്നെ എടുക്കുന്നില്ലെന്നു എബ്രാ: ൫, അ. ൪-ാം വാക്യത്തിൽ പറയുന്നു.

ഇപ്പോൾ ക്രിസ്ത്യാനിത്വത്തിന്റെ ആകത്തുക പ്രസംഗംമാത്രമാണെന്നും അതു ആൎക്കും ആകാമെന്നുമുള്ള ചില നവീന ഉപദേഷ്ടാക്കളുടെ അഭിപ്രായത്തിലിരിക്കുന്ന ആ പ്രസംഗം തന്നെയും മേലധികാരത്തിൽ നിന്നു് അനുവദിക്കുന്നവൎക്കെ ആകാവൂവെന്നു വിശുദ്ധ പൌലൂസ് പറയുന്നു. അതായതു "വിശ്വസിക്കാത്തവനെ എങ്ങനെ വിളിക്കും. കേട്ടിട്ടില്ലാത്തവനിൽ എങ്ങനെ വിശ്വസിക്കും പ്രസംഗിക്കുന്നവൻ ഇല്ലാതെ എങ്ങനെ കേൾക്കും. അയക്കപ്പെടാതെ എങ്ങനെ പ്രസംഗിക്കും" എന്നു റോമാ ലേഖനം ൧൦, അ. ൧൪-ം ൧൫-ം വാക്യങ്ങളിൽ കാണുന്നു.

(തുടരും)

---



## ഞങ്ങളുടെ പ്രസംഗയാത്രകൾ.

എല്ലാ പ്രധാന അവധികളിലും ഞങ്ങൾ സഞ്ചാരപ്രസംഗങ്ങൾ ചെയ്ക പതിവാണു. എന്നാൽ ഈ ആണ്ടു മുൻ ആണ്ടുകളെ അപേക്ഷിച്ചു് എല്ലാവൎക്കും ഒരു ജീവനെ കൊടുത്തിട്ടുള്ളതാണു. ഈ വത്സരത്തിന്റെ ആദ്യഭാഗമായ ഈ മാസങ്ങളിൽ ഉണ്ടായിട്ടുള്ള സുവിശേഷവേലകൾ ഒരു വത്സരംകൊണ്ടു മുമ്പു ഉണ്ടാകാവുന്നതിൽ വളരെ അധികമാണു. അതിനാൽ അവധി ഇല്ലാത്ത സന്ദൎഭങ്ങളിലും ഇതിനായി സമീപസ്ഥലങ്ങളിൽ സ്ഥലനിവാസികളുടെ ആവശ്യപ്രകാരം പൊയ്ക്കൊണ്ടിരുന്നു. ക്രിസ്തുമസ്സ് അവധിക്കു ഞങ്ങൾ ആദ്യമായി വടക്കൻപ്രദേശങ്ങളിലേക്കാണു പുറപ്പെട്ടതു. മലങ്കര മല്പാൻ കോനാട്ടു മാത്തൻകത്തനാർ അവൎകൾ, പി. പി. യൌസേപ്പുകത്തനാർ അവൎകൾ, സബ് റജിസ്ത്രാർ പി. ഐ. ജേക്കോബ് അവൎകൾ മുതലായി പല മഹാന്മാരുടെയും സഹകരണത്തോടുകൂടി അത്താനാസ്യോസു മെത്രാപ്പോലീത്താ തിരുമനസ്സിലെ അടിയന്തിര ദിവസമായ തിങ്കളാഴ്ച പകൽ ആലുവായിൽവച്ചു ആദ്യയോഗം നടത്തി. അവിടെനിന്നും കുറുപ്പുംപടി പള്ളിയിലെ ബ: അച്ചന്മാർ ഞങ്ങളെ കൂട്ടികൊണ്ടുപോയി. ചൊവ്വാഴ്ച പെരുമ്പാവൂർവച്ചു ഞങ്ങൾ യോഗം നടത്തി. ഇവിടെ ഒരു പ്രധാനപ്പെട്ട ചന്തയുള്ളതിനാൽ ആൾക്കൂട്ടം എപ്പോഴും ഉണ്ടു. ഈ സ്ഥലം എതിരുകക്ഷികളിലുള്ള ഉപദേശിമാരുടെ വടക്കൻപ്രദേശത്തുള്ള പ്രധാന വാസസ്ഥാനങ്ങളിൽ ഒന്നാണു. പെരുമ്പാവൂർ, മൂവാററുപുഴ ഈ രണ്ടു പട്ടണങ്ങളിലും നമ്മുടെ ആളുകൾ അധികമായി അധിവസിക്കുന്നില്ല. എന്നാൽ ഇതിനു ചുററുമുള്ള നാട്ടുപുറങ്ങളിൽ അധികമായി അധിവസിക്കുന്നതു നമ്മുടെ ആളുകളാണു. പട്ടണവാസം സുഖകരമൊ അഥവാ രസകരമൊ അല്ലാഴികയാലായിരിക്കാം പട്ടണവാസത്തിൽ നിന്നും ഉണ്ടാകാവുന്ന സൌകൎയ്യങ്ങളെ ഇവർ വകവയ്ക്കാതെ ഇരിക്കുന്നതു. അതിനാൽ പരിഷ്കൃത സംഗതികളിലുള്ള ഇവരുടെ ഏൎപ്പാടു വളരെ ഭയപ്പെട്ടാണു.

അവിടെ നിന്നും ഞങ്ങൾ കുറുപ്പുംപടി പള്ളിയിൽ എത്തി. ആയിരത്തിലധികം വീട്ടുകാരും പത്തു അച്ചന്മാരും ഉള്ള ഒരു വലിയ ഇടവകയാണു അതു. ഇടവകയുടെ ഭരണസൌകൎയ്യത്തിനായി ഇടവകയെ അച്ചന്മാൎക്കായി വിഭാഗിച്ചേല്പിച്ചിരിക്കയാണു. അവരവരുടെ അതൃത്തികൾക്കുള്ളിൽ ഉള്ള സ്ഥലങ്ങളിൽ പ്രാൎത്ഥനാസംഘങ്ങൾ, സൺഡേസ്കൂളുകൾ മുതലായവ നടത്തി ജനങ്ങളെ വേദ അറിവിലും ക്രിസ്തീയ ജീവിതത്തിലും ഉയൎത്തുവാനാണു ഇപ്രകാരം ഇടവകയെ ഭാഗിച്ചതു. ഈ കൃത്യം നിൎവ്വഹിക്കുന്ന അച്ചന്മാർ വളരെ ചുരുക്കം. ഏതൽഫലമായി അനേകം ദുരുപദേശങ്ങളും ഈ ഇടവകയിൽ കടന്നുകൂടുന്നുണ്ടു. ഈ ഇടവകയിൽ ആദ്യമായി യോഗം നടത്തിയതു വേങ്ങൂർ പെ. ഓലഫ് പള്ളിക്കൂടത്തിലാണു. അവിടെ നിന്നും വേങ്ങൂർ പള്ളിയിൽ എത്തി ഈ രണ്ടു സ്ഥലങ്ങളിലായി കുറെ ആളുകൾ നമ്മുടെ വിശ്വാസാചാരങ്ങൾ വേദാനുസരണമല്ലെന്നും രക്ഷയ്ക്കു തടസങ്ങളാണെന്നും പറഞ്ഞു നിഷേധിക്കുന്നവർ ഉണ്ടായിരുന്നു. എന്നാൽ അവർ വേദപുസ്തക അറിവുള്ളവർ എങ്കിലും സത്യത്തെ അറിയാതിരുന്നതിനാൽ അപ്രകാരം പ്രവൎത്തിച്ചിരുന്നു. സത്യത്തെ ഗ്രഹിച്ചപ്പോൾ അവരുടെ തെററിനെ ഏററുപറഞ്ഞു. പനിയേലി പൈലി എന്നൊരുവൻ ഇനിയും സത്യത്തെ അറിയാതെയും അറിയുന്നതിനു മനസ്സില്ലാതെയും ഉണ്ടു. മിശിഹാ കല്പിച്ചാലും അപ്പോസ്തോലന്മാർ ചെയ്തുപഠിപ്പിച്ചാലും അവനു ചെയ്വാൻ മനസ്സില്ലെന്നു ചില സംഗതികളെ പററി ചോദിച്ചപ്പോൾ പറവാൻ തക്കവണ്ണം അവൻ വഞ്ചിക്കപ്പെട്ടിരിക്കുന്നു. ദൈവമെ അനുസരണത്തിന്റെ ആത്മാവിനെ അവനു കൊടുക്കണമെ എന്നു ഇതിനെ വായിക്കുന്നവർ എല്ലാവരും പ്രാൎത്ഥിപ്പാൻ ഞങ്ങളാഗ്രഹിക്കുന്നു. അവിടെ നാലു ദിവസത്തോളം രാവെന്നൊ പകലെന്നൊ ഇല്ലാതെ യോഗങ്ങൾ നടത്തി. പിന്നീടു ഞങ്ങൾ യോഗം നടത്തിയതു വേങ്ങൂർ പടിഞ്ഞാറെ പള്ളിക്കൂടത്തിലാണു. അവിടെനിന്നും ഞായറാഴ്ച കുറുപ്പുംപടി പള്ളിയിൽ എത്തി അന്നു അവിടെ പ്രസംഗം നടത്തി. ഇടവകയുടെ വലിപ്പത്താൽ ഞായറാഴ്ച ദിവസങ്ങളിൽ രണ്ടു കുൎബ്ബാന ആണു പതിവു. ഞങ്ങൾ അവിടെ എത്തിയിരുന്നതിനാൽ അന്നു ഒരു കുൎബ്ബാന മാ

ത്രമെ ഉണ്ടായിരുന്നൊള്ളു. ഈ ഇടവകയുടെ വലിപ്പത്തിനു തക്കവണ്ണം പള്ളിയ്ക്കു വളരെ വലിപ്പമുള്ളതെങ്കിലും ആളുകൾ അതിൽ നിറഞ്ഞു കവിഞ്ഞിരുന്നു. ഇടകിടയ്ക്കു ആളുകൾ നിന്നു ശബ്ദത്തെ അടക്കിയിരുന്നില്ലെങ്കിൽ പ്രസംഗം എല്ലാവർക്കും കേൾക്കുന്നതു അസാദ്ധ്യമായിരുന്നേനെ.

അവിടെനിന്നും ആ ഇടവകയിൽപെട്ട രായിമംഗലം എന്ന സ്ഥലത്തുള്ള എതൃകക്ഷികളുടെ പള്ളിക്കൂടത്തിൽ എത്തി. ടി. പള്ളിയിൽ നിന്നും മുടക്കിയ കുന്നത്തു ചുമ്മാരെന്നവനാണു ഇവിടത്തെ ഇവരുടെ നായകൻ. നമ്മുടെ ആളുകളിൽ പലരും ഇവന്റെ പിന്നാലെ പോകുന്നുണ്ടു. പള്ളിക്കൂടത്തിലും ഒരു ഭവനത്തിലുമായി ഒന്നുരണ്ടു യോഗങ്ങൾ അവിടെ നടത്തി. സത്യസഭയുടെ വിശ്വാസാചാരങ്ങളുടെ നിഷ്കളങ്കതയെ മനസ്സിലാകുമ്പോഴും അതിനെതൃക്കുവാൻ നിവൃത്തിയില്ലെന്നു കാണുമ്പോഴും ബ: അച്ചന്മാരുടെ കുറ്റമാണു പറയുന്നതു. ഈ ഒരു മുറവിളി കേൾക്കാത്ത സ്ഥലമില്ല. മദ്യപാനം വിരോധിക്കുവാൻ ധൈര്യമുള്ള അച്ചന്മാർ വളരെ ചുരുക്കം. അപ്രകാരംതന്നെ വ്യഭിചാരവും. ചുരുക്കം ചിലക്കു ക്ഷുദ്രവും തന്നെ. പിന്നെ എന്താണു വേണ്ടതു. വേലി വിളവു തിന്നാൽ പിന്നെ ചോദിക്കാനുമൊ. അയ്യൊ അനേകർക്കും വേണ്ടി കണക്കു ബോധിപ്പിക്കേണ്ട മഹാന്മാർ അല്ലയൊ ഇതു.

രായിമംഗലത്തുനിന്നും ഞങ്ങൾ കുന്നക്കുരുടി പള്ളിയിൽ എത്തി. അവിടെ പള്ളിയിലും നമ്മുടെ വിശ്വാസാചാരങ്ങളെ നിഷേധിക്കുന്ന കാട്ടൂർകുടി വക്കിയുടെ ഭവനത്തിലും തൃക്കളത്തൂർ പള്ളിയിലുമായി യോഗങ്ങൾ നടത്തി.

ഇവിടെനിന്നും ഞങ്ങൾ കടമിററത്തു പള്ളിയിൽ എത്തി ആ ഇടവകയിൽപെട്ട വാളകം എന്ന സ്ഥലത്താണു ഞങ്ങൾ പ്രധാനമായി യോഗങ്ങൾ നടത്തിയതു. ഇവിടെ എതൃകക്ഷികൾക്കു ഒരു പള്ളിക്കൂടമുണ്ടു. വടക്കൻ പ്രദേശങ്ങളിൽ ഇവിടമാണു അവരുടെ മുഖ്യസ്ഥാനം. അവിടെ നിന്നും കോലഞ്ചേരി വഴി ഞങ്ങൾ കണ്ടനാടെത്തി അവിടെ ഒരു യോഗം നടത്തി.

കട്ടച്ചമംഗലം സൺഡേസ്കൂൾ കുട്ടികളുടെ സമ്മാനദാനോത്സവത്തിനു തൽഭാരവാഹികളുടെ ക്ഷണമനുസരിച്ചു പിന്നെ ഞങ്ങൾ അങ്ങോട്ടാണു പുറപ്പെട്ടതു. വടക്കൻ ദിക്കുകളിൽ സൺഡേസ്കൂളുകൾ സ്ഥാപിക്കാൻ കൂടി സഞ്ചരിച്ചുകൊണ്ടിരുന്ന ഞങ്ങൾക്കു കട്ടച്ചമംഗലം സൺഡേസ്കൂൾ സമ്മാനദാനോത്സവം ഒരു ഉത്സവംതന്നെ ആയിരുന്നു. വടക്കൻ പ്രദേശങ്ങളിൽ ഈ യോഗം ഒരു പുത്തരിയായി നടത്തിയതാണു. അതിനാൽ അവർക്കും ഞങ്ങൾക്കും ഒരുപോലെയുള്ള മഹോത്സവം കഴിഞ്ഞു ഞങ്ങൾ നേരെ കോട്ടയത്തെത്തി. സൺഡേസ്കൂൾ സ്ഥാപിക്കേണമെന്നുള്ള ഉദ്ദേശംകൂടി ഞങ്ങളുടെ യാത്രയിൽ ഉണ്ടായിരുന്നതിനാൽ ഈ അവസരത്തിൽ അതിനെപ്പററി സ്വല്പം പറഞ്ഞുകൊള്ളട്ടെ. എല്ലാ ഇടവകകളിലും സൺഡേസ്കൂളുകൾ സ്ഥാപിക്കണമെന്നുമററുമുള്ള വലിയ തിരുമനസ്സിലെ നിർബ്ബന്ധകല്പനയുമായിട്ടാണു ഞങ്ങൾ ഇവിടെനിന്നും പുറപ്പെട്ടതു. ഈ കല്പനയെക്കുറിച്ചു എല്ലാ സ്ഥലങ്ങളിലും ഞങ്ങൾ പ്രസ്ഥാവിക്കയും ചില സ്ഥലങ്ങളിൽ ഞങ്ങൾതന്നെ സ്കൂളുകൾ ആരംഭിക്കയും മററുള്ള സ്ഥലങ്ങളിൽ അവരവർ തന്നെ സ്കൂളുകൾ തുടങ്ങി നടത്തികൊള്ളാമെന്നും സമ്മതിക്കയും ചെയ്തിട്ടുണ്ടു. സ്കൂളെന്നൊമററൊ പല വിധത്തിലും നാമകരണം ചെയ്യപ്പെട്ടതായി രണ്ടും നാലും കെട്ടിടങ്ങൾ ഇല്ലാത്ത പള്ളികൾ ചുരുക്കം. എന്നാൽ ഇവകൾ അധികവും നിരുപയോഗമായിട്ടാണു കിടക്കുന്നതു. വേദപുസ്തകം വായിക്കുന്നതും സൺഡേസ്കൂളിൽ പഠിക്കുന്നതും ഒരുവക മതത്യാജമല്ലയൊ എന്നും സംശയിക്കുന്ന ചില പ്രധാനികളും ഉണ്ടു. ഇതുപോലെ തന്നെ കള്ളകുടി മുതലായതിനെ ഉപേക്ഷിച്ചു സത്യജീവിതത്തിലേക്കു വരുന്നവർ വിശ്വാസത്തിൽ നിന്നും തെററിപ്പോയേക്കുമല്ലൊ എന്നു ഭയപ്പെട്ടു വലയുന്നവരും ധാരാളം ഉണ്ടു. ഇംഗ്ലീഷു അഭ്യസിച്ചാൽ വിശ്വാസം ത്യജിക്കേണ്ടിവരും എന്നു തെക്കുള്ളവർ മുമ്പു വിചാരിച്ചിരുന്നതിനോടു ഇതു താരതമ്യപ്പെടുത്താം.

പാപം ഉള്ള അവിടെ കൃപയും വർദ്ധിച്ചു എന്നു വിശുദ്ധ പൌലൂസു പറയുംപ്രകാരം ജനങ്ങൾ അറിവിൽ പിന്നോക്കമാണെങ്കിലും നിർമ്മല മനസ്സാക്ഷിയോടുകൂടി സഭയെ സ്നേഹിക്കുന്നവരും യഥാർത്ഥ ഭക്തന്മാരുമായി പലരും ഉണ്ടെന്നുള്ള



തിൽ വളരെ ആശ്വസിക്കാനുണ്ടു്. ഇങ്ങനെ വിവിധതരത്തിലുള്ള ജനങ്ങളുടെ ഇടയിൽ സത്യ സുവിശേഷ വെളിച്ചം എത്രമാത്രം പ്രശോഭിക്കുമെന്നു ലോകചരിത്രം കൊണ്ടു വെളിപ്പെടുന്നതാണു്. അതിനാൽ ഇനിയും സൺഡേസ്കൂളുകൾ മുഖാന്തിരം നമ്മുടെ നൈർമ്മല്യ വിശ്വാസാചാരങ്ങളെ നമ്മുടെ കുട്ടികളെ പഠിപ്പിക്കുന്നതിനും സുവിശേഷവേലകൾ കൂടക്കൂടെ നടത്തിച്ചു വിശ്വാസത്യാജം, മദ്യപാനം മുതലായ പാപങ്ങളിൽ ഉറങ്ങുന്നവരെ അതിൽ നിന്നുണർത്തുകയും ചെയ്യുന്നതിനു വേണ്ട ശ്രമങ്ങൾ ചെയ്യേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

യാത്രക്കു പണംകൊണ്ടു സഹായിച്ച ചേർത്തല മുൻസിപ്പുകോട്ടു വക്കീൽ സി- ഒ- വക്കി അവർകളോടും കണിയാന്ത്ര പുത്തൻപറമ്പിൽ തോമ്മസ് അവർകളോടും കുന്നക്കുരുടി, കടമിററം മുതലായ പള്ളിക്കാരോടും, വിശിഷ്യാ കൃത്യബോധത്തോടും, സത്യവിശ്വാസത്തോടും, നിർമ്മല മനസ്സാക്ഷിയോടും കൂടി സ്വന്ത ജോലിയെ ശരിയായി നോക്കുന്നവരും ഞങ്ങളുടെ സൌകര്യത്തിനുവേണ്ടി ഞങ്ങളോടുകൂടി സഞ്ചരിച്ചു ഞങ്ങളെ സഹായിച്ചിട്ടുള്ള പടയാട്ടിൽ ഇസഹാക്കു കത്തനാർ, ചേലാട്ടു അച്ചൻ, ഓലിക്കരെ യൌസേപ്പു ശെമ്മാശൻ ഇവരോടും ഉള്ള ഞങ്ങളുടെ കൃതാർത്ഥതയെ ഈ അവസരത്തിൽ ഞങ്ങൾ അറിവിച്ചുകൊള്ളുന്നു.

പിന്നെ ഞങ്ങൾ പുറപ്പെട്ടതു തെക്കുകിഴക്കൻ പ്രദേശങ്ങളായ മല്ലപ്പള്ളി മുതലായ സ്ഥലങ്ങളിലേക്കായിരുന്നു. ഇവിടെ ഓരാഴ്ചയോളം യോഗം നടത്തി. സൺഡേസ്കൂൾ സ്ഥാപനോദ്ദേശകമായി പല ദിക്കുകളിലും സഞ്ചരിച്ചു ബുദ്ധിമുട്ടികൊണ്ടിരുന്ന ഞങ്ങൾക്കു തെക്കൻദിക്കുകളിലുള്ള ഈ സഞ്ചാരം വളരെ ആശ്വാസപ്രദമായിരുന്നു. ഞങ്ങൾ പല സ്കൂളുകളും സന്ദർശിക്കയും ചില സ്കൂളുകളിലെ സമ്മാനദാനത്തിനു സംബന്ധിക്കുകയും ചെയ്കയുണ്ടായി. വടക്കൻപ്രദേശങ്ങളിലും ചാത്തന്നൂർ, കുണ്ടറ മുതലായ തെക്കൻപ്രദേശങ്ങളിലും സഞ്ചരിച്ചു സൺഡേസ്കൂൾ ഏർപ്പെടുത്തുകയും സുവിശേഷവേലകൾ ചെയ്കയും ചെയ്യുന്നതിനു വലിയ തിരുമേനിയുടെ കല്പനയുമായി വരുന്ന മദ്ധ്യവേനൽ ഒഴിവിനു പോകേണമെന്നു തിരുവല്ലവിലാസം ബാലികാമഠത്തിൽ വച്ചു നടത്തിയ വിദ്യാർത്ഥിയോഗത്തിൽ തീർച്ചപ്പെടുത്തിയപ്രകാരം പ്രസ്ഥാവിക്കയും, അതിന്റെ ചിലവിലേക്കായി ഔദാര്യബുദ്ധികളായ മല്ലപ്പള്ളി പാതിക്കാട്ടു പള്ളിക്കാർ ഇരുപതു രൂപായോളം പിരിച്ചു തരികയും ചെയ്തു. ചിലരെല്ലാം സഞ്ചാരത്തിൽ കൂടെ പോരാമെന്നും സമ്മതിച്ചിട്ടുണ്ടു. ഇങ്ങനെ ക്രിസ്മസ് അവധി മുഴുവനും സഞ്ചാരത്തിൽ കഴിച്ചുകൂട്ടേണ്ടിവന്നതിനാൽ ആണു പത്രം ഇത്രയും താമസിച്ചുപോയതു. ഈ കുറവിനെ വായനക്കാർ ഹൃദയപൂർവ്വമായി ക്ഷമിക്കുമെന്നു വിശ്വസിക്കുന്നു.

---

## മലങ്കരഇടവകയുടെ മാർദിവന്നാസ്യോസ് മെത്രാപ്പോലീത്താ എഴുത്തു്.

നമ്മുടെ എല്ലാപള്ളികളിലെ വികാരിമാരും ദേശത്തുപട്ടക്കാരും കയ്ക്കാറരും ശേഷം ജനങ്ങളും കൂടി കണ്ടേന്നാൽ നിങ്ങൾക്കു വാഴ്വു്.

പ്രിയമുള്ളവരെ! നമുക്കു് എത്രയും പ്രിയപ്പെട്ട നമ്മുടെ പത്രോസ് റമ്പാച്ചൻ ഊർശ്ലേമിലേക്കു പോയി നമ്മുടെ കർത്താവിന്റെ കബറുകൾ വന്ദിച്ചു അനുഗ്രഹം കൈക്കൊണ്ടു പോരുവാൻ ഇപ്പോഴല്ലാ രണ്ടുമൂന്നു സംവത്സരമായി നമ്മോടു നിർബ്ബന്ധിക്കയും തനിച്ചായിട്ടുള്ള യാത്രയിൽ വച്ചു വല്ല സുഖക്കേടുകളും നേരിടുകയൊ സഹായത്തിന് ആളില്ലാതെ വലിയ ബുദ്ധിമുട്ടും സങ്കടവും നേരിട്ടു പോയേക്കുമൊ എന്നുള്ള നമ്മുടെ വ്യസനവിചാരത്താൽ തനിച്ചുള്ള യാത്രയെ വിരോധിച്ചു. മനസ്സില്ലാ മനസ്സോടു വലിയ വേ

ദൎശനത്തോടുംകൂടെ നമ്മുടെ ഭദ്രാസനത്തെ ഇതുവരെ കൈകൊണ്ടും വരുന്നതാകുന്നു. എങ്കിലും ഇപ്പോൾ മെത്രാസ്ഥാനത്തിന്നു രണ്ടോ മൂന്നോ പേരെ ഊർശ്ലേമിലേക്കു അയക്കണമെന്നും ഈ വലിയ നോമ്പു വീടുന്നതിന്നുമ്പായി പത്രിയൎക്കീസുബാവാ ഊർശ്ലേമിൽ എത്തുന്നതാകകൊണ്ടു തെരിഞ്ഞെടുക്കപ്പെട്ടവരെ ഊർശ്ലേമിലേക്കു അയക്കണമെന്നു പാത്രിയൎക്കീസുബാവായുടെ കല്പന വന്നിരിക്കുന്ന പ്രകാരം തെരിഞ്ഞെടുപ്പു കുംഭം ൧൫-ാം൹ എന്നു നിശ്ചയിച്ചു എല്ലാ പള്ളികാൎക്കും ൩൦-ാം കല്പന അയച്ചിട്ടുണ്ടല്ലോ. തെരിഞ്ഞെടുപ്പു എങ്ങിനെ വന്നാലും നമ്മുടെ പ്രിയ പുത്രനാകുന്ന പുന്നൂസ് റമ്പാച്ചൻ ഊർശ്ലേമിലേക്കു പോകുവാൻ കൎത്താവിൽ ധൈൎയ്യപ്പെട്ടു നമ്മോടു അനുവാദിക്കപ്പെട്ടും ഇരിക്കുന്നതിനാൽ റമ്പാച്ചന്റെ യാത്രച്ചിലവിലേക്കു വേണ്ടുന്ന സഹായം പള്ളികാരും ജനങ്ങളും അവരവരുടെ ശക്തിക്കു ഒക്കവണ്ണം ചെയ്തുകൊടുത്തു സന്തോഷത്തോടുകൂടി റമ്പാച്ചനെ യാത്ര പറഞ്ഞയപ്പാൻ നാം ആഗ്രഹിക്കുന്നതാകകൊണ്ടും ഈ കാൎയ്യത്തിൽ താല്പൎയ്യമായും ഭക്തിയായും നിങ്ങൾ വിചാരിച്ചു നിവൃത്തിക്കയും വേണം.

സൎവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ നിങ്ങളിൽ വൎദ്ധിച്ചിരിക്കുമാറാകട്ടെ.

എന്നു ൧൦൭൨ മകരം ൨൫-ാം൹—
കോട്ടയത്തു സിമ്മനാരിയിൽനിന്നും.

---

## ഒരപേക്ഷ.

പരോപകാരതല്പരന്മാരും ഔദാൎയ്യബുദ്ധികളും ആയ സകല ജനങ്ങളേയും വിനയപൂൎവ്വം തിൎയ്യപ്പെടുത്തുന്നതു: എന്റെ വാത്സല്യസ്നേഹഭാജനങ്ങളെ നമ്മുടെ കൎത്താവായ യേശുമിശിഹായെ നിഷ്കളങ്കമായി ആരാധിക്കയും സ്നേഹിക്കയും ചെയ്യുന്നവർ ഭൂമിയിൽ തനിക്കു അടുപ്പവും പ്രിയവും ഉള്ളവരായിരുന്ന ആളുകളുടെ നേരെ സ്നേഹവും ഭക്തിയും ഉള്ളവരായിരിക്കുന്നതു കൂടാതെ, തന്നോടു സഹവാസം ഉണ്ടായിരുന്ന സകല വസ്തുക്കളേയും ബഹുമാനപുരസ്സരം വിചാരിക്കയും ചെയ്യുന്നവല്ലോ. ഈ തത്വമനുസരിച്ചു നമ്മുടെ രക്ഷകന്റെ കാലടികൾ പതിഞ്ഞിട്ടുള്ളതാണല്ലോ എന്നുവച്ചു യഹൂദരാജ്യത്തെ മണ്ണിനും താൻ ജനിച്ച സ്ഥലമാണല്ലോ എന്നു കരുതി ബേതലഹേമിലെ ഗുഹയ്ക്കും തന്റെ തിരുരക്തത്താൽ നമ്മെ വീണ്ടുകൊള്ളുന്നതിനു നിന്നെ വില കൊടുത്ത സ്ഥലമാണെന്നുവച്ചു കാൽവെറി മലയ്ക്കും സത്യവിശ്വാസികളുടെ ദൃഷ്ടിയിൽ എന്തൊ ഒരു മാഹാത്മ്യമുള്ളതായി കാണപ്പെടുന്നു. തന്മൂലം പ്രസ്തുതസ്ഥലങ്ങളെ സന്ദൎശിക്കുന്നതിനും വാഴ്വു കയ്ക്കൊള്ളുന്നതിനും ആയി ശീമരാജ്യങ്ങളിൽ നിന്നും അനേകം ഭക്തജനങ്ങൾ വലിയ കഷ്ടനഷ്ടങ്ങൾ സഹിച്ചു അവിടേക്കു പോകുന്നുണ്ടു. ഇതിനു യഥാൎത്ഥസിദ്ധനായ കൊച്ചുതിരുമേനിയുടെ ഊർശ്ലേം യാത്ര മലങ്കരയുള്ള നമുക്കു ഒരു ദൃഷ്ടാന്തമാണല്ലോ. ഈ വന്ദ്യപിതാവു ഊർശ്ലേമിൽനിന്നു തിരിച്ചുവന്നു ആ സ്ഥലത്തിന്റെ മാഹാത്മ്യത്തേയും മററും കല്പിച്ചു കേട്ട നാൾമുതൽ നമ്മുടെ കൎത്താവിന്റെ വാഴ്ത്തപ്പെട്ട കബറിങ്കൽ പോയി വന്ദിച്ചു വാഴ്വു കൈക്കൊള്ളണമെന്നു എന്റെ



മനസ്സു എന്നെ നിൎബ്ബന്ധിച്ചു. ഈ ആഗ്രഹത്തെ വലിയ തിരുമനസ്സിലെ മുമ്പാകെ അറിയിച്ചതിൽ അവിടുത്തേക്കു എന്നോടുള്ള സത്യസ്നേഹംമൂലം എന്നെ തനിച്ചു വിടുന്നതിനുള്ള വൈമനസ്യത്താൽ ഓരോ ഒഴികഴിവുകൾ പറഞ്ഞു അനുവദിക്കാതിരുന്നിരുന്നു. എന്നാൽ പാത്രിയൎക്കീസുബാവാ തിരുമനസ്സിലെ കല്പനപ്രകാരം മെത്രാസ്ഥാനം കൈകൊള്ളുവാനായി ഇപ്പോൾ ചില പിതാക്കന്മാർ ഊർശ്ലേമിലേക്കു പോകുന്നതാകകൊണ്ടു ഈ അവസരത്തിൽ എന്റെ താഴ്മയായ അപേക്ഷയെ നിവൎത്തിപ്പാറാകണമെന്നു തിരുമനസ്സു അറിയിക്കയും മേല്പറഞ്ഞ സൌകൎയ്യങ്ങൾ എല്ലാം ഉള്ളതുകൊണ്ടു എന്റെ യാത്രയ്ക്കു ദയവായി അനുവദിക്കയും യാത്രച്ചിലവിനു സഹായിപ്പാനായി പള്ളികാൎക്കു കല്പന തരികയും ആ കല്പന പരസ്യം ചെയ്കയും ചെയ്തിരിക്കുന്നു. എന്നാൽ കല്പന അനുസരിച്ചു എല്ലാ പള്ളികളിലും സഞ്ചരിക്കുന്നതിനും മാന്യന്മാരായ നിങ്ങളെ എല്ലാവരേയും വന്നു കണ്ടു യാത്ര പറയുന്നതിനും സമയച്ചുരുക്കംമൂലം സൌകൎയ്യമില്ലാതെ വന്നിരിക്കുന്നതിനാൽ തിരുമനസ്സിലെ കല്പന അനുസരിച്ചു എന്റെ യാത്രച്ചിലവിലേക്കായി അവരവരുടെമനസ്സും ശക്തിയുംപോലെയുള്ള സംഖ്യ എത്രയും വേഗത്തിൽ അയച്ചുതരണമെന്നും കരമാൎഗ്ഗമായും ജലമാൎഗ്ഗമായും ഉള്ള ഞങ്ങളുടെ യാത്രയിൽ നേരിടേകാവുന്ന സകല ആപത്തിൽ നിന്നും ഞങ്ങളെ കാത്തുരക്ഷിപ്പാനായി നിങ്ങൾ സൎവ്വശക്തനെ പ്രാൎത്ഥിക്കണമെന്നും നിങ്ങളുടെ സത്യസ്നേഹത്തോടു അപേക്ഷിച്ചുകൊള്ളുന്നു.

പുന്നൂസ് റമ്പാൻ.

---

## സണ്ടെസ്കൂൾ സമ്മാനദാനം.

മലങ്കര യാക്കോബായ സുറിയാനി സുവിശേഷസംഘാജ്ഞാനുസരണം നടത്തപ്പെട്ടുവരുന്ന തുമ്പമൺ വടക്കേക്കര സെന്റുമേറീസ് സണ്ടെസ്കൂൾ വിദ്യാൎത്ഥികളുടെ വാൎഷിക സമ്മാനദാനം.

ഈ ധനുമാസം ൧൭-ാം൹ ഞായറാഴ്ച പകൽ ൩. മണിക്കു ആഘോഷാൎത്ഥം സ്ഥലത്തെ കാദിശ്ത്താപള്ളിയുടെ മുൻവശത്തു സവിശേഷമായി കെട്ടിയലങ്കരിച്ചിരുന്ന പന്തലിൽവച്ചു മുൻസിപ്പുകോട്ട് വക്കീൽ മിസ്റ്റർ പി. ജീ. ഫിലിപ്പിന്റെ അഗ്രാസനാധിപത്യത്തിൽ വളരെ ഭംഗിയായി നടത്തിയിരിക്കുന്നു.

ക്ഷണം അനുസരിച്ചു സ്ഥലത്തും സമീപെയും ഉള്ളവരായി വിവിധസമുദായങ്ങളിലുള്ള പല മഹാന്മാരും ഹാജരുണ്ടായിരുന്നു. പ്രാൎത്ഥനയോടുകൂടി യോഗം ആരംഭിച്ചശേഷം പ്രസ്തുത സണ്ടെസ്കൂളിന്റെ രണ്ടു വൎഷത്തെ റിപ്പോൎട്ട് വക്കീൽ ഗുമസ്താ മിസ്റ്റർ ഇ. ജെ. ഇടിക്കുള വായിക്കയും അതിനെ തുടൎന്നു യോശുവാ കത്തനാർ അവൎകൾ സന്മാൎഗ്ഗവും ദൈവഭക്തിയും എന്ന വിഷയത്തെപ്പററി പ്രൌഢമായും സരസമായും ഉള്ള ഒരു പ്രസംഗം ചെയ്കയും തദനന്തരം സമ്മാനാൎഹന്മാരും അല്ലാത്തവരുമായ എല്ലാ വിദ്യാൎത്ഥികൾക്കും പുസ്തക സമ്മാനങ്ങൾ യഥോചിതം ദി. ശ്രീ. കിഴക്കെ വീട്ടിൽ തോമ്മാകത്തനാർ അവൎകളാൽ നൽകപ്പെടുകയും ചെയ്തു.

അനന്തരം സണ്ടെസ്കൂളുകളുടെ ഉദ്ദേശവും തത്സംബന്ധമായുള്ള നമ്മുടെ കൎത്തവ്യകൎമ്മവും എന്ന വിഷയത്തെപ്പററി മിസ്റ്റർ ഇ. ജെ. ഇടിക്കുളയുടെ പ്രസംഗവും കഴിഞ്ഞശേഷം അഗ്രാസനാധിപതി അവൎകളാൽ ഫലിതസംപൂൎണ്ണമായും സയുക്തികമായും നടത്തപ്പെട്ട ഉപസംഹാരപ്രസംഗവും കഴിഞ്ഞു പ്രാൎത്ഥനയോടുകൂടി യോഗം മംഗളമായി പിരികയും ചെയ്തു. ക്ഷണം അനുസരിച്ചു ഹാജരായിരുന്ന മാന്യന്മാൎക്കും വിദ്യാൎത്ഥികൾക്കും നാനാവിഭവങ്ങളോടുകൂടിയ കാപ്പിസല്ക്കാരവും ഉണ്ടായിരുന്നു.

കടമ്മംഗലം, കാൎത്തികപ്പള്ളി, മല്ലപ്പള്ളി, പാതിക്കാട് മുതലായ സണ്ടെസ്കൂളുകളിലെ സമ്മാനദാനങ്ങളുടെ സവിസ്തരമായ റിപ്പോൎട്ടുകൾ വന്നിരിക്കുന്നു. പത്രത്തിൽ ചേൎക്കുന്നതിനു സ്ഥലമില്ലാത്തതിനാൽ പരിതപിക്കുന്നു.

# സന്ദേശസ്കൂൾകാര്യം

## വിശുദ്ധ പൌലൂസ്

(തുടർച്ച)

ആഭാസന്മാരായ പിലിപ്പിയരിൽനിന്നും താൻ ഏററതായ പീഡനിമിത്തം വി: പൌലൂസ് യൂറോപ്പിലുള്ള തൻെറ വേലയെ അവസാനിപ്പിച്ചില്ല. അദ്ദേഹവും വി: ശീലാസും വി: തീമോത്തിയും വി: ലൂക്കോസും വീണ്ടും യൂറോപ്പിലേക്കുതന്നെ പോയി. വി: പൌലൂസു ഗ്രീസിൽ ഉള്ളതായ കൊറിന്ത എന്ന സ്ഥലം വരെ പോയി. അവിടെ താൻ ഒന്നര സംവത്സരം താമസിച്ചു. താൻ കോറിന്തിൽ താമസിച്ചിരുന്നപ്പോഴാകുന്നു വി: ശ്ലീഹാ സഭകൾക്കുള്ളതായ തൻെറ ലേഖനങ്ങളിൽ ഒന്നാമത്തെതായി തെസലൊനിക്കാക്കാർക്കുള്ള ലേഖനം എഴുതിയതു.

ഇപ്രകാരം കൊറിൻന്തിൽ കുറെനാൾ താമസിച്ച ശേഷം അദ്ദേഹം തൻെറ പുരാതിന ഇടവകയായ അന്ത്യോഖ്യയിലേക്കു പോയി. അവിടെ "ഏതാനും ദിവസം" താമസിച്ചു. പിന്നീട് അദ്ദേഹം തൻെറ മൂന്നാമത്തെ സുവിശേഷപ്രയാണം ആരംഭിക്കയും ഈ യാത്രയിങ്കൽ താൻ മുമ്പു സ്ഥാപിച്ചിട്ടുള്ള മിക്ക സഭകളെയും സന്ദർശിക്കയും ചെയ്തു. താൻ അധികമായി താമസിച്ചിട്ടുള്ളതു എപ്പെസൂസിലാണ. അവിടെ നമ്മുടെ കഥാനായകൻ രണ്ടു കൊല്ലം താമസിച്ചിട്ടുണ്ടത്രെ. വീണ്ടും അദ്ദേഹം കോറിന്തിലെക്കും അവിടെനിന്നും ഊർശ്ലേമിലേക്കും പോയി.

നിരൂപണന്യായേന പര്യാലോചിക്കുന്നതായാൽ വി: പൌലൂസിൻെറ മൂന്നു സുവിശേഷ പ്രയാണങ്ങളെ സംബന്ധിച്ചു താഴെ പറയുന്ന സംഗതികൾ ഓൎമ്മയിലിരിക്കേണ്ടതാണ. ഒന്നാമത്തെ പ്രയാണമായിരുന്നു ഏററവും ചെറിയതു ആ പ്രയാണത്തിൽ ഏഷ്യയുടെ ഒരു ഭാഗത്തിൽ മാത്രമെ താൻ യാത്ര ചെയ്തിട്ടുള്ളു. രണ്ടാമത്തെ യാത്രയാണ ഏററവും പ്രധാനമായിട്ടുള്ളതു. യൂറോപ്പിൽ സുവിശേഷം ഘോഷിക്കപ്പെട്ടതു ഈ യാത്രയിലത്രെ. രണ്ടാം പ്രയാണത്തിൽ നമ്മുടെ കഥാനായകൻ അധികം താമസിച്ചതു കൊറിൻന്തിലാണ. അവിടെ താൻ ഒന്നര സംവത്സരം വേല ചെയ്തു. മൂന്നാമത്തെ പ്രയാണമത്രെ ഏററവും ദീൎഘമായിട്ടുള്ളതു. നമ്മുടെ കഥാനായകൻെറ ഈ പ്രയാണത്തിൽ അധികമായി വേല ചെയ്തതു എപ്പെസൂസിലാണ. അവിടെ താൻ രണ്ടു സംവത്സരകാലം താമസിച്ചു വേല ചെയ്തു.

മൂന്നാമത്തെ പ്രയാണത്തിനു ശേഷം ഊർശ്ലേമിൽവച്ചു യൂദന്മാർ നമ്മുടെ കഥാനായകനെ ഒരു കള്ളകാരണത്തിന്മേൽ ബന്ധനസ്ഥനാക്കി. അദ്ദേഹം സീസറിൻെറ അടുക്കൽ സങ്കടം ബോധിപ്പിക്കയാൽ താൻ ഒരു തടവുകാരനായി റോമായിലേക്കു കൊണ്ടുപോകപ്പെട്ടു. തന്നെ അവിടെ വിസ്തരിച്ചു നിർദ്ദോഷിയായി വിടുന്നതിനു രണ്ടു സംവത്സരം വേണ്ടിവന്നു. ഈ സമയങ്ങളിൽ താൻ ജെയിലിലായിരുന്നു താമസിച്ചിരുന്നതു എങ്കിലും താൻ സ്വന്തമായി വാടകയ്ക്കു വാങ്ങിയിരുന്ന ഒരു ഗ്രഹത്തിൽ ഒരു പട്ടാളക്കാരൻെറ നോട്ടത്തിൻകീഴിൽ ആയിരുന്നു താമസിച്ചുവന്നതു.

ഈ സംഭവം കഴിഞ്ഞതിനു ശേഷം അഞ്ചു സംവത്സരകാലത്തേക്കു തൻെറ സ്ഥിതിയെപ്പററി അന്നു അദ്ദേഹം എഴുതിയിട്ടുള്ള ലേഖനങ്ങളല്ലാതെ മററു യാ



തൊരു തെളിവുകളും നമുക്കു ഇതുവരെ ലഭിച്ചിട്ടില്ല. ഇവ തീമോഥെയോസിനെറയും തീത്തൂസിൻെറയും ലേഖനങ്ങളത്രെ. ഇതിൽ നിന്നും വി: പൌലൂസ മാസിദ്ദോനിയാ എപ്പെസൂസ (തിമൊ- ൧. ൩) ക്രീററു (തീത്തു- ൧. ൫) നിക്കൊപോലിസ (തീത്തു- ൩. ൧൨, മിലെത്തൂസ (൨ തിമൊ ൪. ൨൦) എന്നീ സ്ഥലങ്ങളെ സന്ദർശിച്ചിട്ടുണ്ടെന്നു നമുക്കു അനുമാനിക്കാവുന്നതാണ. ഇതുമെന്നിയെ നമ്മുടെ കഥാനായകൻ സ്പെയിൻ ഇംഗ്ലണ്ടു എന്നീ പാശ്ചാത്യരാജ്യങ്ങളിൽക്കൂടി സുവിശേഷത്തെ പ്രസംഗിച്ചതായി ചില രേഖകൾ സാക്ഷിക്കുന്നുണ്ടു. ഇവ വി: വേദത്തിൽ ഉൾപ്പെട്ടവയല്ല. താൻ വീണ്ടും റൊമായിലേക്കു ഒരു തടവുകാരനായി കൊണ്ടുപോകപ്പെട്ടു. ആസമയത്താണ വി: പൌലൂസ രണ്ടാം തീമൊത്തി എഴുതിയതു. (൧: ൧൬, ൧൭; ൪: ൧൬, ൧൭)

ഇനി നമുക്കു തൻെറ അന്ത്യലേഖനങ്ങളെപററിയാണ സ്വല്പം പര്യാലോചിപ്പാനുള്ളതു. വി: പൌലൂസ റൊമയിൽ തടവുകാരനായിരുന്നു എന്നു മുൻ പറഞ്ഞുവല്ലൊ. തന്നെ കൊന്നുകളയുമെന്നു പലരും ആദ്യം മുതൽക്കെ വിചാരിച്ചുകൊണ്ടിരുന്നു. ക്രൂരനായ നീറൊ അനേകായിരം ക്രിസ്ത്യാനികളെ യമലോകത്തെക്കു അയച്ചുകൊണ്ടിരുന്നതിനാൽ വി: പൌലൂസു വീണ്ടും രക്ഷപെടുമെന്നു ആശിക്കുന്നതിനു യാതൊരുമാൎഗ്ഗവുമുണ്ടായിരുന്നില്ല.

ഈ ലേഖനത്തിൽ അദ്ദേഹം തീമൊഥെയൊസിനോടു കഴിയുംവേഗത്തിൽ അദ്ദേഹത്തിൻെറ അരികിൽ ചെല്ലേണമെന്നറിയിക്കയും താൻ മരിക്കുന്നതിനു മുമ്പു തീമൊഥെയോസിനു തന്നെ ചെന്നുകാൺവാൻ സാധിക്കുമൊ എന്നു സംശയിക്കുന്നതായി പ്രസ്താവിക്കയും ചെയ്യുന്നു. അതിനാലത്രെ തീമൊഥെയൊസ ഓൎത്തിരിക്കേണമെന്നു താൻ ആഗ്രഹിക്കുന്നതായ അനേകം സംഗതികളെക്കുറിച്ചു താൻ ഈ ലേഖനത്തിൽ വിശദമായി പ്രസ്താവിച്ചിരിക്കുന്നതു. ഇവ് മരണാസന്നനായ ഒരു മനുഷ്യൻെറ വചനങ്ങൾപോലെ തോന്നിക്കുന്നു.

വി: പൌലൂസിൻെറ ഈ അന്ത്യലേഖനത്തിൽ തീമൊഥെയൊസ ക്രിസ്തുവിൻെറ സത്യവാനും വിശ്വസ്തനുമായ ഒരു സ്ഥാനാപതിയായിരിക്കേണമെന്നു താൻ ആഗ്രഹിക്കുന്നതായി പ്രസ്താവിച്ചിരിക്കുന്നു. തനിക്കു നേരിട്ടേക്കാവുന്നതായ പരീക്ഷകളെ അദ്ദേഹം തിമൊഥെയൊസിനെ ധരിപ്പിക്കുന്നുണ്ടു. എങ്കിലും വിശ്വസ്തനായിരിക്കേണമെന്നു അദ്ദേഹം അപേക്ഷിക്കുന്നതായിട്ടത്രെ നാം കാണുന്നതു.

തീമൊഥെയോസിനെഴുതിയ രണ്ടാം ലേഖനം നാലാം അദ്ധ്യായം ഏഴും എട്ടും വാക്യങ്ങളിൽ (വി: പൌലൂസ് തന്നെപററിതന്നെ പ്രസ്താവിക്കുന്നു. മരണത്തെപ്പററി വിചാരിക്കുന്ന അവസരത്തിൽ അദ്ദേഹത്തിൻെറ വിശ്വാസസ്ഥൈൎയ്യം എത്രമാത്രമുണ്ടെന്നു ഇതിൽനിന്നും നമുക്കു അനുമാനിക്കാവുന്നതാണ. ക്രൂരനായ നീറൊ തൻെറ ശരീരത്തെ കൊന്നേക്കാമെങ്കിലും തൻെറ ആത്മാവു ജീവിക്കുമെന്നു അദ്ദേഹം വിശ്വസിക്കുന്നു.

അദ്ദേഹം തീമോഥെയോസിനെ തൻെറ സമീപത്തിലേക്കു ക്ഷണിക്കുന്നു. വി: ലൂക്കോസും, തീമോഥെയോസും ഒഴിച്ചു മററുള്ളവരെല്ലാം പോയിരുന്നു. എന്നുതന്നെയല്ല വിശുദ്ധ ലൂക്കോസിനെമാത്രം തൻെറ സമീപത്താക്കിയുംവച്ചു തീമോഥെയോസു ലേഖനവുംകൊണ്ടു പോയിരുന്നിരിക്കണം. തീമോഥെയോസിനെ വിശുദ്ധ പൌലൂസു മരിക്കുന്നതിനുമുമ്പായി റോമായിൽ വച്ചു ബന്ധനസ്ഥനാക്കിയെന്നും ഏറെ താമസിയാതെ വിട്ടയക്കപ്പെട്ടു എന്നും (പക്ഷെ നീറോ ഈ സമയത്തു മരിച്ചിരിക്കണം) എബ്രാ: ൧൩; ൨൩-ൽ നാം വായിക്കുന്നതിനാൽ വി: പൌലൂസു മരിക്കുന്നതിനു മുമ്പുതന്നെ തീമോഥെയോസിനു തന്നെ വന്നു കാണുന്നതിനു സാധിച്ചു എന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

മരണാസന്നസമയത്തു വിശുദ്ധ പൌലൂസു നമ്മോടു രണ്ടു സംഗതികൾ പറയുന്നതായി കാണുന്നു. ഒന്നാമതായി താൻ തീമോഥെയോസിനോടു പറഞ്ഞതുപോലെതന്നെ നാമും വിശ്വസ്തരായിരിക്കണമെന്നു താൻ നമ്മോടു ആജ്ഞാപിക്കുന്നു. താൻ മരിക്കാറായി എന്നുള്ളതായിരുന്നു തീമോഥെയോസിനെ ക്ഷണിക്കുന്നതിനു കാരണമായി തീൎന്നതു. അതുപ്രകാരംതന്നെ മററുള്ളവർ വിശ്വസ്തന്മാരല്ലായിരുന്നതത്രെ തീമോഥെയോസു സത്യവാനായിരിക്കേണമെന്നു ആജ്ഞാപി

കുന്നതിനു വിശുദ്ധ അപ്പോസ്തോലനെ ധൈര്യപ്പെടുത്തിയതു എന്നും നമുക്കു മനസ്സിലാകാവുന്നതാണ. അതെപ്രകാരംതന്നെ നാമും ആയി തീരേണ്ടിയിരിക്കുന്നു. നമുക്കു പ്രായം വരുന്തോറും, വിശ്വാസികളായിരുന്ന വൃദ്ധന്മാരും വൃദ്ധകളും മരിക്കയും വിശ്വാസികളായ മറ്റാളുകൾ അവരുടെ സ്ഥാനത്തെ പ്രാപിക്കേണ്ട കാലം അതിക്രമിക്കയും ചെയ്യുന്നു. ഇപ്പോൾ വിശ്വാസികളായിരിക്കുന്ന ആളുകളും ഒരവസരത്തിൽ മരിക്കുമെന്നുള്ളതു നിശ്ചയമാണ. ആകയാൽ ആ അവസരത്തിൽ അവരെ പിൻഗമിക്കുവാനും ആളുകൾ വേണ്ടിയിരിക്കുന്നു. നമുക്കു അവരെ പൂർത്തീകരിക്കാവുന്നതാണ. എന്നാൽ വിശുദ്ധ പൌലൂസു തീമോഥെയോസിനോടു പറഞ്ഞപ്രകാരം നാം ആധുനികലോകത്തെ അധികമായി സ്നേഹിക്കുന്നതിനാൽ നമ്മുടെ സഭയെ ഉപേക്ഷിച്ചു എന്നു പറയുന്നതിനു ഇടയാകിതീർക്കുമരുതു.

വീണ്ടും നാം നമ്മുടെ ജീവിതകാലത്തിൽ തിരുമേനിയെ സ്നേഹിക്കയും തിരുമേനിയുടെ മുമ്പാകെ വിശ്വസ്ഥനായിരിക്കുകയും ചെയ്യുകാൽ നാം മരിക്കാറാകുന്ന അവസരങ്ങളിൽ നമുക്കു യാതൊന്നും ഭയപ്പെടുവാനില്ലെന്നുകൂടി വിശുദ്ധ അപ്പോസ്തോലൻ നമ്മെ പ്രത്യക്ഷമായി കാണിച്ചുതരുന്നു. സത്യക്രിസ്ത്യാനികൾക്കു മരണം കേവലം ഒരു ഉറക്കമത്രെ. അവർ വീണ്ടും ഉണരും എന്നുള്ള വിശ്വാസത്തോടും യേശുമിശിഹാ ന്യായവിധിയുടെ ദിവസത്തിൽ അവരെ അവിടുത്തെ അടുക്കലേക്കു എടുക്കുന്നതിനായി വരുന്ന അവസരത്തിൽ തിരുമേനി അവരെ സ്വാഗതവചനങ്ങളാൽ സന്തോഷിപ്പിക്കുമെന്നുള്ള മനോബോധത്തോടുംകൂടി, രാത്രിയിൽ ഉറങ്ങുവാൻ പോകുന്ന അവസരത്തിൽ എന്നപോലെ സമാധാനചിത്തന്മാരായിട്ടത്രെ അവർ മരണത്തെ പ്രാപിക്കുന്നതു. എന്നാൽ നാം വിശ്വസ്തന്മാരായി തീരുന്നതുവരെ നമ്മിൽ ഏതാദൃശമായ ഒരു വിചാരം ഉണ്ടാകുവാൻ നിവൃത്തിയില്ല.

---

## ൧൯൦൮-ലെ മലങ്കര ഇടവക പഞ്ചാംഗം.

മലങ്കരയുള്ള നമ്മുടെ ഇടവകയെസംബന്ധിക്കുന്ന സർവ്വസംഗതികളെയും സുറിയാനി, മലയാളം, ഇംഗ്ലീഷു എന്നീ തീയതികളേയും വ്യവസ്ഥപ്പെടുത്തികാണിക്കുന്ന മലങ്കര ഇടവക പഞ്ചാംഗം രണ്ടാം പ്രാവശ്യമാണല്ലോ പ്രസിദ്ധപ്പെടുത്തിയതു. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ചു ഈ വർഷത്തിൽ പലഭേദഗതികളും കൂടുതലായി വരുത്തിയിട്ടുണ്ടു. മലങ്കരയുള്ള നമ്മുടെ സഭയുടെ ആകത്തുക എന്താകുന്നു എന്നു അറിയാതിരുന്ന പലർക്കും ഇതു വളരെ പ്രകാശത്തെ കൊടുത്തിട്ടുണ്ടെന്നു പറയാതെ തരമില്ല. വെറും തീയതികളെ അറിവാനായി അന്യപഞ്ചാംഗങ്ങളെ വാങ്ങുന്ന നമ്മുടെ ആളുകൾക്കു നമ്മുടെ സഭയുടെ ഒരു വിവരണംകൂടി ഉള്ള ഈ പഞ്ചാംഗം എത്ര നന്നായിരിക്കും. ഇതിൽ വലിയ മെത്രാച്ചന്റെ ഒരു പടവുംകൂടി ഉണ്ടു. ഇതിന്റെ വില രണ്ടു ചക്രം മാത്രം. സംഗതികളുടെ വിവിധത്വംകൊണ്ടും വിലയുടെ ചുരുക്കംകൊണ്ടും അടിച്ച പ്രതികൾ മുഴുവനും തന്നെ തീരാറായിരിക്കുന്നു. ആവശ്യക്കാർക്കു പിന്നീടു ഖേദത്തിനിട വരാതെ ഇരിപ്പാൻ വേണ്ടി ഉടനെ ആവശ്യപ്പെടേണ്ടതാണ.

---

## സുറിയാനി സുവിശേഷസംഘംവക ൧൦൮൨-ാമാണ്ടത്തെ വരവു ചിലവു കണക്കു.

രണ്ടാണ്ടത്തെ പത്രം ഒന്നിച്ചടിച്ചിറക്കിയ വക

| | ക | ണ | സ |
|---|---|---|---|
| വരവു. | | | |
| പത്രവരിയായും ദാനമായും വരവു | ൪൧൦ | ൧൨ | ൫ |
| ചിലവു. | | | |
| പത്രം പ്രതികൾ ൧൪൦൦-ക്കു ആകെ വെള്ളക്കടലാസു വില | ൭൫ | ൩ | ൫ |
| ഛായക്കടലാസു വില | ൨൬ | ൧൩ | ൧൦ |

പത്രവരി

| | | | |
|---|---|---|---|
| അടിക്കൂലി | ൧൦൧ | ൨ | ൦ |
| ബൈന്റുകൂലി | ൨൨ | ൨ | ൦ |
| സൺഡേസ്കൂൾ ചോദ്യക്കടലാസു വക ചിലവു | ൮ | ൦ | ൦ |
| നോട്ടീസു അടിക്കൂലി | ൧ | ൮ | ൦ |
| എഴുത്തുകൾ അയക്കുന്നതിനു സ്റ്റാമ്പു കാർഡു | ൧൬ | ൫ | ൪ |
| എഴുത്തുകൂടു. കടലാസു | ൨ | ൮ | ൦ |
| പത്രത്തിനു റാപ്പർ സ്റ്റാമ്പു | ൬൬ | ൧൪ | ൦ |
| എഴുത്തുകൾക്കും പത്രത്തിനും തപാൽ സ്റ്റാമ്പു | ൭ | ൫ | ൭ |
| പത്രം അഞ്ചലിൽ ഇടുക, പത്രം കെട്ടുക, ചുറ്റുക | ൨ | ൯ | ൮ |
| പത്രം കൈവഴി കൊടുത്തതിനു | ൧൨ | ൮ | ൦ |
| ശമ്പളച്ചിലവു | ൧൧ | ൦ | ൭ |
| നാൾവഴി, റജിസ്റ്റർബുക്കു | ൨ | ൪ | ൦ |
| രാത്രി അച്ചടിച്ചതിനു കൂടുതൽ ചിലവു | ൧ | ൨ | ൦ |
| മനോരമയിൽ കവർ അടിച്ചതിനു കൂലി | ൭ | ൨ | ൦ |
| സംഘത്തിന്റെ ആവശ്യത്തിനായി യാത്രച്ചിലവു | ൪ | ൧ | ൨ |
| പണം പിരിച്ചതിനു കമ്മീഷൻ കൊടുത്തതു | ൫൧ | ൭ | ൩ |
| മുൻ ചിലവുകൾക്കായി യൌസേപ്പച്ചൻ പറ്റു | ൧൪ | ൮ | ൦ |
| അച്ചടിക്കാർക്കു വിശേഷാൽ ചിലവു | ൩ | ൪ | ൪ |
| ചില എഴുത്തുകൾക്കും ലേഖനങ്ങൾക്കും കൂലി കൊടുത്തതു | ൦ | ൧൬ | ൬ |
| പണം അയച്ചതന്നതിൽ മണിഓർഡർ കൂലിച്ചിലവു | ൧ | ൪ | ൪ |
| ചിട്ടിക്കു സമ്മാനം കൊടുത്തതു | ൮ | ൬ | ൩ |
| പുതുക്രിസ്ത്യാനികൾക്കു പുസ്തകമായും മറ്റും സമ്മാനം | ൧ | ൦ | ൦ |
| ആകെ ചിലവു | ൪൪൭ | ൮ | ൪ |
| സൺഡേസ്കൂൾ കുട്ടികളുടെ സമ്മാനം കൊടുക്കു ദാനംവരവു | ൪൭ | ൦ | ൪ |
| സമ്മാനപ്പുസ്തകം കുട്ടികൾക്കു കാപ്പി മുതലായതിനു ചിലവു | ൪൬ | ൯ | ൭ |
| ഇരിപ്പു | ൧ | ൫ | ൯ |
| നീക്കി കടം | ൩൬ | ൬ | ൧ |

ഈ തുക ൧൦൮൩-ലെ പത്രവരി പിരിഞ്ഞതിൽനിന്നും എടുത്തു വീട്ടിയിരിക്കുകയാണ.

ഈ മാസത്തിൽ കുറെ പണം പിരിഞ്ഞു വന്നതിൽ ൧൦൮൨-ലെ വകയായും വന്നിട്ടുണ്ടു. എന്നാൽ അതിന്റെ കണക്കു ഇവിടെ വന്നിട്ടില്ലാത്തതിനാലും ഏതു വർഷത്തെതാണെന്നു തിട്ടമില്ലാത്തതിനാലും അതു ൧൦൮൩-ലെതായി വക വച്ചിരിക്കയാണ. ൧൦൮൨-ലെ പത്രവരിയിൽ ഇനിയും വളരെ പിരിഞ്ഞുകിട്ടുന്നതിനുണ്ടു. പത്രവരിക്കാർ ദയവു ചെയ്തു അതിനെ പിരിവുകാരുടെ പക്കൽ ഏല്പിച്ചാൽ ഞങ്ങൾക്കു നഷ്ടംകൂടാതെ ഇരിക്കുന്നതാണ.

---

## സുവിശേഷകൻ പത്രവരി അടച്ചവരുടെ പേർവിവരം.

ഓരോ രൂപാ വീതം തന്നിട്ടുള്ള ബഹുമാനപ്പെട്ട പള്ളിയോഗങ്ങൾ.

വെണ്ണിക്കുളം പള്ളിയോഗം, ചെങ്ങരൂർ പള്ളിയോഗം, മല്ലപ്പള്ളി പഴയ പള്ളിയോഗം, മല്ലപ്പള്ളി പുത്തൻ പള്ളിയോഗം, മാന്തളിർ പള്ളിയോഗം, ഉള്ളന്നൂർപള്ളിയോഗം; അതിരിപ്പള്ളിപള്ളിയോഗം, ഉള്ളനാട്ടു പള്ളിയോഗം, വെണ്മണിപള്ളിയോഗം, തോന്ന്യാട്ടുപള്ളിയോഗം, കരമ്പാലമാർത്തോമ്മാ പുത്തൻപള്ളിയോഗം, നെടുമ്പ്രത്തു പള്ളിയോഗം, തിരുവല്ലാ പടിഞ്ഞാറെക്കര പള്ളിയോഗം, തിരുവല്ലാ കിഴക്കേക്കര പള്ളിയോഗം, ആനപ്രാമ്പാൽ പള്ളിയോഗം, കാരയ്ക്കൽപള്ളിയോഗം, വെൺമണിത്തൂർ പള്ളിയോഗം, പത്തിച്ചിറ പള്ളിയോഗം, പള്ളിപ്പാട്ടു പള്ളിയോഗം, ആരാഴി പള്ളിയോഗം, കാർത്തികപ്പള്ളി പള്ളിയോഗം, പുതുപ്പള്ളി പള്ളിയോഗം, വാഴൂർ സെൻറു പീറ്റർ പള്ളിയോഗം, നീലംപേരൂർപ

പത്രാധി

ളളിയോഗം, പാണ്ടമ്പടികൽ പള്ളിയോഗം, കഴിമററത്തു പള്ളിയോഗം, പ്രാക്കാനം പള്ളിയോഗം, മല്ലശ്ശേരി പള്ളിയോഗം, വാഴമുട്ടം പള്ളിയോഗം, കൈപ്പട്ടൂർ പള്ളിയോഗം, അയിരൂർ മതാപ്പാറ പള്ളിയോഗം, പുത്തൻകാവു പള്ളിയോഗം, കല്ലിശ്ശേരി പള്ളിയോഗം, തിരുവല്ലാ തെക്കെ പുത്തൻ പള്ളിയോഗം, പള്ളം കലത്തുകരോട്ടു പള്ളിയോഗം, കല്ലൂപ്പാറ പള്ളിയോഗം.

---

പലവക.

കുമരകം കണ്ടമംഗലത്തു അവുസേപ്പ ൧൪ ചക്രം, കുമരകം ത...ാറെ ചെറിയാൻ ൨൦, കൊട്ടുമൺ അയ്ക്കാട്ടു കച്ചവടം കററിയിൽ കോശി കോശി ൧൪, പള്ളം ബ: കൈതയിൽ ഗീവറുഗീസു കത്തനാർ ഒരു രൂപാ, ഇരുവള്ളിപ്ര, കിടങ്ങോത്തിൽ കേ. സി. ഉമ്മൻ ൧൩ ചക്രം, ചെന്നിത്തല, വാണിയങ്കാട്ടിൽ വൈ. ഖറുഗീസു ൧൪, കട്ടത്തിരുത്തി നെല്ലാട്ടു കുഞ്ഞൻ ൧൪, നാഗർകോവിൽ കേ. സി. തരകൻ ജോൺ ൧൩, പീരുമേട്ട പി. എം. മാത്തൻ റൈട്ടർ ഒരു രൂപാ, വേങ്ങൂർ ബ: ആട്ടുകടി കുഞ്ഞൻ പൌലൂസുകത്തനാർ ൧, വേങ്ങൂർ വട്ടക്കൊട്ടു യാക്കോബു ൧, തൃശ്ശൂർ പി. എം. തോമ്മാസു ൧, ചെന്നിത്തല കൊററാത്തു വിളയിൽ കേ. സി. ദാനിയേൽ ൧൪ ചക്രം, കോഴഞ്ചേരി ബ. തേവർവേലിൽ ഗീവറുഗീസു കത്തനാർ ഒരു രൂപാ.

പണം കൊടുത്തവരിൽ പലരുടെയും രസീതുകൾ പിരിവുകാരൻെറ കയ്യിൽനിന്നും ഇവിടെ വന്നു ചേർന്നിട്ടില്ലാത്തതിനാലും പത്രത്തിൽ സ്ഥലമില്ലാത്തതിനാലും അടുത്തതിൽ പ്രസിദ്ധപ്പെടുത്താവുന്നതാണ.

---

സുറിയാനി സഭാ ലഘുലേഖാ സംഘം കോട്ടയം.

പ്രസിദ്ധപ്പെടുത്തീട്ടുള്ള ലഘുലേഖകൾ.

൧. കുർബാനതക്സാകളുടെ പുരാതനത്വം വില ചക്രം ൨.
൨. നമ്മുടെ സഭയിലെ കർമ്മാചാരങ്ങൾ
൩. രക്ഷാപ്രസംഗികൾ പരിഷ്കരിച്ചതു ” ” ൧.
൪. പുതിയ നിയമസഭ (അടിച്ചുവരുന്നു) ” ” ൨.
൫. മനുഷ്യാവതാരം (അടിച്ചുവരുന്നു)
൬. സുറിയാനിക്രിസ്ത്യാനികൾ നെസ്തോറിയന്മാരായിരുന്നുവോ?

ഇതുകൂടാതെ ആറേഴു ലഘുലേഖകൾ മിക്കവാറും അടിക്കാൻതക്കവണ്ണം തയാറായിട്ടുണ്ടു. ” ” ൭.

സമുദായസ്നേഹികളായ മാന്യന്മാർ ഈ ലഘുലേഖകൾ വാങ്ങി വായിക്കുന്നതുകൂടാതെ മററുള്ളവരെ പ്രോത്സാഹിപ്പിച്ചു വാങ്ങിപ്പിക്കയും വാങ്ങി ഇതരസമുദായാംഗങ്ങൾക്കു സൌജന്യമായി കൊടുക്കയും സംഭാവനകൾ കൊണ്ടും മററും സംഘത്തെ സഹായിച്ചു ശക്തിപ്പെടുത്തുകയും ചെയ്യണമെന്നു അപേക്ഷിക്കുന്നു.

മേല്പറഞ്ഞ പുസ്തകങ്ങൾ "സുവിശേഷകൻ" പത്രാധിപരോടൊ മനോരമ മാനേജരോടൊ ഇടവകപ്പത്രികപത്രാധിപരോടൊ ആവശ്യപ്പെട്ടാൽ വി. പി. ആയി അയച്ചു കൊടുക്കുന്നതാണ്. പത്തിനു രണ്ടുവീതം ഡിസ്കൗണ്ട് അനുവദിച്ചിട്ടുണ്ട്.

പി. ററി. ഗീവറുഗീസു ശെമ്മാച്ചൻ എം. എ
സെക്രട്ടരി.